I.ഇ.ബി.XIII –കേരള നിയമസഭ/X—17

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ഫെബ്രുവരി 06, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**അടിയന്തര പ്രമേയം**

**പയ്യോളി പ്രദേശത്തെ ആക്രമണങ്ങൾ**

മി. സ്പീക്കർ: സി.പി.ഐ. (എം.) പയ്യോളി ഏര്യാ സെക്രട്ടറി ഉൾപ്പെടെയുള്ള വരുടെ വീടുകൾക്കുനേരെ ഫെബ്രുവരി നാലാം തീയതി ഒരു സംഘം ആർ.എസ്.എസ്. പ്രവർത്തകർ ആക്രമണം നടത്തുകയും പയ്യോളി പ്രദേശത്ത് സ്ഥിരമായി ആക്രമണങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന കേസുകളിൽ കാര്യക്ഷമമായ അന്വേഷണം നടത്താൻ പോലീസ് തയ്യാറാകാതിരിക്കുകയും ചെയ്യുന്നതുമൂലം ജനങ്ങൾ ആശങ്കയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ദാസൻ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 05-02-2014-ന് പുലർച്ചയ്ക്ക് പയ്യോളി പെരുമാൾപുരത്ത് സി.പി.ഐ. (എം.) പ്രവർത്തകനായ സുനീഷിന്റെ വീട്ടിലേയ്ക്ക് ഒരു സംഘം ആളുകൾ അതിക്രമിച്ച് കയറി സ്ഫോടക വസ്തുക്കൾ വലിച്ചെറിഞ്ഞ സംഭവത്തിൽ ആർക്കും പരിക്കേറ്റിട്ടില്ല. സുനീഷിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പയ്യോളി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ആക്രമണം നടത്തിയ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. ടി സംഭവത്തെത്തുടർന്ന് സി.പി.ഐ. (എം.) പയ്യോളി ഏര്യാ സെക്രട്ടറി ചന്തുമാസ്റ്ററുടെ കീഴൂരിലുള്ള വീടിന്റെ ജനൽചില്ലുകൾ തകർത്ത സംഭവത്തിലും പയ്യോളി പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പോലീസ് രണ്ട് കേസുകളും നിഷ്പക്ഷമായി അന്വേഷിച്ചുവരുന്നു.

ശ്രീ. കെ. ദാസൻ: കോഴിക്കോട് ജില്ലയിലെ പയ്യോളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 04-02-2014-ന് അർദ്ധരാത്രി ആറ് പേരടങ്ങുന്ന ക്രിമിനൽ സംഘം സി.പി.ഐ. (എം.) ഏര്യാ സെക്രട്ടറി ടി. ചന്തുമാസ്റ്ററുടെ കീഴൂരിലുള്ള വീടിന്റെ ജനൽചില്ലുകൾ അടിച്ചുതകർത്തതിനെത്തുടർന്ന് വീട്ടുകാർക്ക്

ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. അക്രമികൾ സംഭവ സ്ഥലത്തുനിന്ന് ഓടി രക്ഷപ്പെട്ടുവെങ്കിലും സമീപവാസികൾക്ക് അവരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. നിരവധി വീടുകൾ ആക്രമിക്കുകയും പയ്യോളി പാർട്ടി ഓഫീസ് അഗ്നിക്കിരയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് നടത്തിയ പ്രതിഷേധ യോഗത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തിയ കൊല്ലം ജില്ലാ ലോക്കൽ കമ്മിറ്റി മെമ്പറെ വെട്ടിപരിക്കേൽപ്പിച്ച സംഭവത്തിലും ശരിയായ അന്വേഷണം നടത്തിയിട്ടില്ല. സി.പി.ഐ. (എം.)ന്റെ പഴയ ഏര്യാ സെക്രട്ടറി യുടെ വീടിനുനേരെ ബോംബെറിഞ്ഞ കേസിലെയും രണ്ടര മാസംമുമ്പ് സുരേഷ് എന്നയാളെ യാതൊരു പ്രകോപനവുമില്ലാതെ വീട്ടിൽ കയറി ആക്രമിച്ച കേസിലെയും പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രതികളെ കണ്ടെത്താനാ വശ്യമായ യാതൊരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല):</u> കൊയിലാണ്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കഴിഞ്ഞ കുറെ കാലമായി തുടർന്നുവരുന്ന സി.പി.ഐ. (എം.)-ആർ.എസ്.എസ്. സംഘട്ടനവുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്യുകയും രണ്ടുവിഭാഗങ്ങളിൽനിന്നുമായി 42 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 12-12-2012-ൽ സി.പി.ഐ. (എം.)

പ്രവർത്തകൻ ആർ.എസ്.എസ്. പ്രവർത്തകനെ വെട്ടി കൊലപ്പെടുത്തിയ സംഭവത്തോടനുബന്ധിച്ചാണ് ഇത്തരം ആക്രമണ പരമ്പരകളുണ്ടായി ക്കൊണ്ടിരിക്കുന്നത്. പതിനൊന്നാം പ്രതിയുടെ വീടുനുനേരെ സ്ഫോടകവസ്തു എറിഞ്ഞതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പയ്യോളി പ്രദേശത്ത് സമാധാനാന്തരീക്ഷം നിലനിർത്താനായി അഖിലകക്ഷി യോഗം വിളിക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അക്രമികൾക്കെതിരെ മുഖം നോക്കാതെ നടപടികൾ സ്വീകരിക്കും. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുമുള്ള ശക്തമായ നടപടികൾ സ്വീകരിക്കും. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്.അച്ചുതാനന്ദന്, സി. ദിവാകരന്, മാത്യു റ്റി. തോമസ്, എ. എ അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പ സമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) **ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം**

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാര്</u>: വയനാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കണം. ത്രിതല പഞ്ചായത്തുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ അഭാവംമൂലം വയനാട് ജില്ലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിച്ച് പദ്ധതികൾ യഥാസമയം നടപ്പിലാക്കാൻ കഴിയുന്നില്ല. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണത്തിൽ കൈവരിച്ച നേട്ടം നിർവ്വഹണത്തിലും കൈവരിക്കാൻ സാധിക്കണം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിനും കേന്ദ്ര-സംസ്ഥാന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കുന്നതിനും വാർഷിക പ്രവർത്തന വിലയിരുത്തലുകൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ഡോ. എം. കെ. മുനീര്)</u>: വയനാട് ജില്ലയിലെ പിന്നോക്ക മേഖലാ ഗ്രാന്റ് ഫണ്ട് പദ്ധതിക്ക് 2013-14-ൽ വിഹിതമായി ലഭിച്ച തുകയിൽ 89 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പദ്ധതി നിർവ്വഹണത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് പുരോഗതിയുണ്ടായിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ വയനാട് ജില്ല സന്ദർശിച്ച് പുരോഗതി വിലയിരുത്തുകയും പദ്ധതി നിർവ്വഹണം

ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലയിൽ നടപ്പിലാക്കിവരുന്ന കേന്ദ്രസംസ്ഥാന പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച് മൂന്ന് മാസത്തിലൊരിക്കൽ വയനാട് എം.പി.യുടെ അദ്ധ്യക്ഷതയിൽ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് സമിതി യോഗം കൂടുകയും പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വയനാട് ജില്ലയിലെ തദ്ദേശ സ്വയം ഭരണ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ എത്രയും വേഗം നിയമനം നടത്തുന്നതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് മൂന്നുമാസത്തിലൊരിക്കൽ ഇവാല്യുവേഷൻ നടത്തുകയും പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കുകയും വയനാട് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ട് സ്പെഷ്യൽ മോണിറ്ററിംഗിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുന്നതാണ്.

**(2) ജലസേചന പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റേയും അക്വാഡക്റ്റുകൾ പുനർ നിർമ്മിക്കേണ്ടതിന്റേയും ആവശ്യകത**

ശ്രീ. സി. കെ. നാണു: കോഴിക്കോട് ജില്ലയിലെ വടകര നിയോജക മണ്ഡലത്തിലെ ചോറോട്-അഴിയൂർ ബ്രാഞ്ച് കനാലിലെ അക്വാഡക്റ്റുകൾ തകരാറിലായതുമൂലം പ്രസ്തുത പ്രദേശങ്ങളിലെ കൃഷിക്കാവശ്യമായ ജല വിതരണം തടസ്സപ്പെട്ടിരിക്കുകയാണ്. അപകടകരമായ അക്വാഡക്റ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കുന്നതിനും ഒഞ്ചിയം-ചോറോട്

കുടിവെള്ള പദ്ധതിയിലെ പ്രശ്നം പരിഹരിക്കുന്നതിനും കുടിവെള്ളത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ചെക്ക് ഡാം നിർമ്മിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കുറ്റ്യാടി പുഴയിലേക്ക് ഉപ്പുവെള്ളം കയറുന്നത് ശാശ്വതമായി തടയുന്നതിന് സ്ഥിരം തടയണ നിർമ്മിക്കുന്ന കാര്യം അടിയന്തരമായി പരിശോധിക്കുന്നതാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകൾക്കും അക്വാഡക്റ്റുകൾക്കും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 84.31 കോടി രൂപയുടെ പ്രൊപ്പോസൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ അനുമതിയോടെ കേന്ദ്ര ജലമന്ത്രാലയത്തിന് അയയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**സബ്മിഷൻ**

**(1) അനധികൃത കരിമണൽ ഖനനവും കള്ളക്കടത്തും**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ആറാട്ടുപുഴ, തൃക്കുന്നപ്പുഴ കടൽ തീരങ്ങളിൽ നടക്കുന്ന അനധികൃത കരിമണൽ ഖനനവും കള്ളക്കടത്തും തടയുന്നതിനും അന്യസംസ്ഥാനങ്ങൾ ഉൾപ്പെട്ട കേസ് ആയതിനാൽ സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടി): കൊല്ലം, ആലപ്പുഴ ജില്ലകളിലെ കരിമണൽ ഖനനം തടയുന്നതിന് ക്രൈംബ്രാഞ്ച് വിഭാഗത്തിലെ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ കരിമണൽ കള്ളക്കടത്ത് ഇല്ല. തമിഴ്നാട് ഗവൺമെന്റും കരിമണൽ കള്ളക്കടത്ത് തടയുന്നതിന് ശക്തമായ നടപടികൾ എടുത്തിട്ടുണ്ട്. കേസ്സുകൾ സി.ബി.ഐ.-യെ ഏൽപ്പിക്കുന്ന കാര്യം ആഭ്യന്തരവകുപ്പുമായി ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്.

(2) **ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സർക്കുലർ റദ്ദാക്കൽ**

ശ്രീ. ഡൊമിനിക് പ്രസന്റേഷന്: തീരദേശ പരിപാലന നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ശാസ്ത്രസാങ്കേതിക വകുപ്പ് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയ സർക്കുലറുകൾ പിൻവലിക്കുന്നതിനും നിയമത്തിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രസ്തുത വിഷയം ബന്ധപ്പെട്ടവരുമായി ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ വിവാദപരമായ മൂന്ന് ഉത്തരവുകളും നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. കടല്-കായല്-പുഴയോര പ്രദേശങ്ങളിൽ പരമ്പരാഗതമായി വസിക്കുന്നവർക്ക് വീട്, ടോയ്‌ലെറ്റ് മത്സ്യബന്ധന

ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡ് എന്നിവ നിർമ്മിക്കുന്നതിന് അനുവാദം നൽകുന്നതാണ്. തീരദേശത്തു താമസിക്കുന്ന തദ്ദേശവാസികൾക്ക് കുടുംബസ്വത്ത് ഭാഗിച്ചുകിട്ടുന്ന ഭൂമിയിൽ വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിനും സ്വന്തം വാസഗൃഹം നിർമ്മിക്കാൻ മാത്രമായി വാങ്ങുന്ന സ്ഥലങ്ങളിൽ 100 ച.മീ.-ൽ കൂടാത്ത വീടുകൾ നിർമ്മിക്കുന്നതിനും അനുമതി നൽകുന്നതാണ്. പൊക്കാളി പാടശേഖരങ്ങളുടെയും പത്തുമീറ്ററിൽ താഴെ വീതിയുള്ള തോടുകളുടെയും കരഭാഗം സി.ആർ.ഇസഡ്. വിജ്ഞാപനത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഉൾനാടൻ ജലാശയങ്ങളുടെ തീരത്തെ തീരനിയന്ത്രണ മേഖല അമ്പത് മീറ്ററായി ചുരുക്കുന്നതിന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടും. തദ്ദേശവാസികളുടെ ഭവനങ്ങൾ പുനർനിർമ്മിക്കുമ്പോൾ തറവിസ്തീർണ്ണം നൂറ് ച.മീ. വരെ അനുവദിക്കുന്നതിനും കായൽദ്വീപുകളിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ കരഭാഗത്ത് തദ്ദേശവാസികൾക്ക് വീട് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മേൽപ്പറഞ്ഞ ഇളവുകൾ തദ്ദേശവാസികൾക്കുമാത്രമായി നിജപ്പെടുത്തുന്നതും വാണിജ്യ-വ്യവസായ-ടൂറിസം മേഖലയ്ക്ക് അനുവദനീയമല്ലാ ത്തതുമാണ്. വെറ്റ് ലാന്റിന്റെ കാര്യത്തിലും ഇതുപോലുള്ള സമീപനം സ്വീകരിക്കുന്നതാണ്.

(3) <u>**ശാസ്താംകോട്ട തടാകം**</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ശാസ്താംകോട്ട തടാകം സംരക്ഷിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ആക്ഷൻ പ്ലാൻ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ശാസ്താംകോട്ട തടാകത്തിലെ ജലനിരപ്പ് താഴുന്നതിനുള്ള പ്രധാന കാരണം കൊല്ലം നഗരത്തിലേക്കും പ്രാന്തപ്രദേശങ്ങളിലേക്കുമുള്ള ശുദ്ധജല വിതരണത്തിനായി ഈ തടാകത്തിലെ ജലം ക്രമാതീതമായി ഉപയോഗിക്കുന്നതുകൊണ്ടാണ്. അതിന് പ്രതിവിധിയായി കൊല്ലം നഗരത്തിലേക്ക് അഡീഷണൽ സോഴ്സുകളുണ്ടാക്കാൻ കടപുഴയിൽ അണകെട്ടി കൂടുതൽ വെള്ളം തടാകത്തിലെത്തിക്കുന്നതിനും പഞ്ചായത്തു പ്രദേശങ്ങളിലേക്ക് മറ്റ് സോഴ്സുകൾ കണ്ടെത്തുന്നതിനും വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കടപുഴയിലും കോട്ടകായലിലും തടയണകൾ നിർമ്മിക്കുന്നതിനായി 56.5 കോടി രൂപയുടെ ഭരണാനുമതി കിട്ടിയാലുടൻ നടപടികൾ ആരംഭിക്കും. മലിനീകരണം തടയുന്നതിന് ശുചിത്വമിഷൻ അടക്കമുള്ള ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(4) <u>**കരിന്തണ്ടന് വയനാട്ടിൽ സ്മാരകം**</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താമരശ്ശേരി ചുരത്തിന് കരിന്തണ്ടൻ ചുരമെന്ന് പുനർനാമകരണം ചെയ്യാനും ലക്കിടിയിൽ കരിന്തണ്ടൻ മൂപ്പന്

സ്മാരകം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കരിന്തണ്ടൻ മൂപ്പന് സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും. ചുരത്തിന് കരിന്തണ്ടന്റെ പേരിടണമെന്നുള്ളത് സംബന്ധിച്ച് പ്രസ്തുത പ്രദേശത്തുള്ള ജനപ്രതിനിധികളുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(5) **ഭാരത് ഹെവി ഇലക്ട്രിക്കൽസ് നേരിടുന്ന പ്രതിസന്ധി**

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ ഏറ്റെടുത്തിട്ട് ആവശ്യാനുസരണം ഇൻവെസ്റ്റ്മെന്റ് നടത്താത്തതുകൊണ്ടുണ്ടായ പ്രതിസന്ധിയാണ് 'ഭെല്ലി'ലുള്ളത്. അവിടെ നടക്കുന്ന സമരത്തിൽ ഗവൺമെന്റ് ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(6) **കുണ്ടറ അലിൻഡ് തുറന്ന് പ്രവർത്തിപ്പിക്കൽ**

ശ്രീ. എം. എ. ബേബി: കുണ്ടറ അലിൻഡ് പുനരുദ്ധാരണം നടത്തി തുറന്ന്

പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): കുണ്ടറ അലിൻഡ് ഇപ്പോൾ ബി.ഐ.എഫ്.ആർ.-ലായതിനാൽ അവിടെത്തന്നെ അവതരിപ്പിച്ച് തീരുമാനം ഉണ്ടാക്കേണ്ടതുണ്ട്. ഓപ്പറേറ്റിംഗ് ഏജൻസി പുതിയ പ്രൊപ്പോസലുകൾ വച്ചിട്ടില്ല. തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ വച്ചാൽ അത് വയബിളാണെങ്കിൽ സപ്പോർട്ട് ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. അതിനെക്കുറിച്ച് ചർച്ച ചെയ്യാം.

## (7) പുതിയ തൊഴിൽ സംരംഭം ആരംഭിക്കൽ

ശ്രീ. കെ. രാജു: പുനലൂർ നിയോജകമണ്ഡലത്തിലെ ഇടമുളയ്ക്കൽ പഞ്ചായത്തിൽ റ്റി.വി. തോമസ് മെമ്മോറിയൽ കൈത്തറി നെയ്ത്ത് സഹകരണസംഘത്തിന്റെ ഭൂമിയിൽ പുതിയ തൊഴിൽ സംരംഭം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): പ്രസ്തുത സ്ഥലത്ത് സ്മാൾ ഇൻഡസ്ട്രീസ് പാർക്കിനുവേണ്ടി

സ്റ്റാന്റേർഡൈഡെസ്ഡ് ഫാക്ടറി ഓർ മൾട്ടി സ്റ്റോർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചുവരികയാണ്.

## (8) തിരുവല്ല, മല്ലപ്പള്ളി പോലീസ് സ്റ്റേഷനുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കൽ

ശ്രീ. മാത്യു ടി. തോമസ്: തിരുവല്ല, മല്ലപ്പള്ളി പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ജനമൈത്രി സ്റ്റേഷനായി പ്രഖ്യാപിച്ചശേഷം തിരുവല്ല നഗരപ്രദേശം പത്ത് ബീറ്റുകളായി തിരിച്ച് പത്ത് പോലീസ് ഓഫീസർമാരെ നിയമിച്ചിട്ടുള്ളതിനു പുറമെ ഒരു എ.എസ്.ഐ.-യെ കമ്മ്യൂണിറ്റി റിലേഷൻ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു മാസം ശരാശരി അൻപത് ബീറ്റ് ഓഫീസർമാർ ഡ്യൂട്ടി ചെയ്യാറുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. തിരുവല്ലാ പോലീസ് സ്റ്റേഷനിൽ അനുവദിച്ചിട്ടുള്ള അംഗസംഖ്യ മൂന്ന് എസ്.ഐ.-മാർ ഉൾപ്പെടെ അറുപത്തിരണ്ട് പേരാണ്. ഇവിടെ ഗതാഗത കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി

സബ് ഇൻസ്പെക്ടറുടെ ചുമതലയിൽ പ്രത്യേകം ട്രാഫിക് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നിലവിലെ പോലീസ് സംവിധാനങ്ങൾ ഉപയോഗിച്ച് കാര്യക്ഷമമായി ഗതാഗത തടസ്സങ്ങൾ നീക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്. ഈ പോലീസ് സ്റ്റേഷൻ മല്ലപ്പള്ളി ടൗണിൽനിന്നും മൂന്ന് കിലോമീറ്റർ അകലെയാണ് സ്ഥിതിചെയ്യുന്നതെങ്കിലും സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം ടൗണിനോട് ചേർന്നാണ് പ്രവർത്തിക്കുന്നത്. തിരക്കുള്ള ദിവസങ്ങളിൽ പോലീസിനെ പ്രത്യേകമായി നിയമിച്ചുവരുന്നുണ്ട്. ഇനിയും ആവശ്യമുണ്ടെങ്കിൽ കൂടുതൽ പോലീസിനെ നിയമിക്കുന്നതാണ്.

## (9) ലോട്ടറി ടിക്കറ്റ് വില വർദ്ധന

ശ്രീ. പി. ശ്രീരാമകൃഷ്ണന്: ഭാഗ്യക്കുറി ടിക്കറ്റിന്റെ വിലവർദ്ധന പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ഈ വർഷത്തെ ബഡ്ജറ്റിൽ ഭാഗ്യക്കുറി ടിക്കറ്റിന്റെ വിലവർദ്ധിപ്പിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതിലൂടെ ഏജന്റുമാർക്കും ഗവൺമെന്റിനും വരുമാനമുണ്ടാകുമെന്നതിലുപരി ജീവകാരുണ്യ പ്രവർത്തനങ്ങ

ൾക്കും കൂടുതൽ പണം ലഭ്യമാകുന്നതാണ്. അതുകൊണ്ട് ഈ വർദ്ധന പുന:പരിശോധിക്കേണ്ട കാര്യമില്ല.

## (10) കൊടുങ്ങല്ലൂരിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

ശ്രീ. ടി. എന്. പ്രതാപന്: കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ പണി പൂർത്തിയാക്കിയ ഫയർ ആൻറ് റെസ്ക്യൂ സ്റ്റേഷന് ആവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ട് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കൊടുങ്ങല്ലൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനും ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫയർ ആൻറ് റെസ്ക്യൂ കമാന്റന്റ് നൽകിയ ശുപാർശയനുസരിച്ച് ധനകാര്യ വകുപ്പ് ഈ വർഷത്തെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള ഇരുപത് കോടി രൂപയ്ക്ക് പുറമെ പതിനഞ്ച് കോടി രൂപകൂടി അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (11) സ്ഥലംമാറ്റ നടപടികൾ ത്വരിതപ്പെടുത്തൽ

ശ്രീ. മുല്ലക്കര രത്നാകരൻ : അന്തർ ജില്ലാ സ്ഥലംമാറ്റം വഴി കൊല്ലം ജില്ലയിലെ അർഹരായ പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ

മാതൃജില്ലയിലേയ്ക്ക് മടങ്ങിവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : ജോലിയിൽ പ്രവേശിക്കുന്ന ജില്ലയിൽ അഞ്ചു വർഷത്തെ സേവനം പൂർത്തിയാക്കണമെന്നതിനാൽ അന്തർജില്ലാ സ്ഥലംമാറ്റം വഴി ഒഴിവുകൾ നികത്തപ്പെടുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റിൽ അപേക്ഷകരായി കൊല്ലം ജില്ലയിൽനിന്നുള്ള ആരുംതന്നെ ഉൾപ്പെടുന്നില്ല. പി.എസ്.സി. അഡ്വൈസ് ചെയ്ത തീയതി അടിസ്ഥാനമാക്കിയാണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്. പരാതികളുണ്ടായാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (12) **പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ**

ശ്രീ. റ്റി.വി. രാജേഷ് : അടിക്കടിയുണ്ടാകുന്ന ദുരന്തങ്ങൾ കണക്കിലെടുത്ത് പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പഴയങ്ങാടിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (13) **പി. കൃഷ്ണപിള്ള സ്മാരകവും പ്രതിമയും നശിപ്പിച്ചവർക്കെതിരെ നടപടി**

ശ്രീ. പി. തിലോത്തമൻ : സ്വാതന്ത്ര്യസമര സേനാനിയായിരുന്ന

പി. കൃഷ്ണപിള്ളയുടെ സ്മാരകവും പ്രതിമയും തീവച്ച് നശിപ്പിച്ചവരെ കണ്ടെത്തി ശിക്ഷിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സ്വാതന്ത്ര്യസമര സേനാനിയും സർവ്വാദരണീയനുമായിരുന്ന പി. കൃഷ്ണപിള്ളയുടെ സ്മാരകം നശിപ്പിച്ചതിനെതിരെ ലോക്കൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ചിന് കൈമാറി. സി.ബി.സി.ഐ.ഡി. ടെമ്പിൾ ആന്റ് തെഫ്റ്റ് സ്ക്വാഡ് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഇൻവെസ്റ്റിഗേഷൻ ടീം സംഭവസ്ഥലം സന്ദർശിച്ചപ്പോൾ സംശയാസ്പദമായി കണ്ട രണ്ടുപേരെ നുണപരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചെങ്കിലും ഇവരുടെ വിസമ്മതത്തെത്തുടർന്ന് പ്രസ്തുത തീരുമാനം ഉപേക്ഷിക്കേണ്ടിവന്നു. കുറ്റവാളികളെ കണ്ടെത്തുന്നതിന് സ്ഥലത്ത് ക്യാമ്പ് ചെയ്ത് അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(14) **വനിതാ അംഗത്തെ ജാതിപ്പേര് വിളിച്ച് കയ്യേറ്റംചെയ്ത സംഭവം**

ശ്രീ. ജോസ് തെറ്റയില്: അങ്കമാലി പാറക്കടവ് പഞ്ചായത്തിലെ പട്ടിക ജാതിക്കാരിയായ വനിതാ അംഗത്തെ ജാതിപ്പേര് വിളിച്ച് കയ്യേറ്റം ചെയ്ത സംഭവത്തിൽ കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തംഗവും

പട്ടികജാതിക്കാരിയുമായ ശാലിനി ബിജുവിനെ മറ്റൊരു അംഗമായ രവികുമാർ കയ്യേറ്റം ചെയ്യുകയും ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ചെയ്ത സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശാലിനി ബിജുവും മറ്റ് രണ്ട് വനിതാ അംഗങ്ങളും ചേർന്ന് തന്നെ ആക്രമിച്ചതായി രവികുമാർ നൽകിയ പരാതിയെത്തുടർന്ന് ഇവർക്കെതിരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആലുവ ഡിവൈ.എസ്.പി.-യും ചെങ്ങമനാട് സബ് ഇൻസ്പെക്ടറും അന്വേഷിച്ചുവരുന്ന ഈ കേസുകളുടെ നിജസ്ഥിതി കണ്ടെത്തുന്നതിന് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

## (15) മേമുണ്ടയിലെ സി.പി.എം. - ബി.ജെ.പി. സംഘട്ടനം

ശ്രീ. കെ.എം. ഷാജി : കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മേമുണ്ടയിൽ വർഗ്ഗീയ കലാപമുണ്ടാക്കാൻ ശ്രമിക്കുന്ന കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 3-2-2014-ന് പുലർച്ചയോടെ രായിരക്കനി ബാബു, ബിനീഷ് എന്നീ രണ്ട് സി.പി.ഐ (എം) പ്രവർത്തകർ മേമുണ്ട ടൗണിലുണ്ടായിരുന്ന നരേന്ദ്രമോഡിയുടെയും ബി.ജെ.പി.-യുടെയും ഫ്ലക്സ് ബോർഡുകൾ പറിച്ചെടുത്ത് ബാസുക്കി തങ്ങൾ മദ്രസയുടെ വളപ്പിലെറിഞ്ഞ സംഭവത്തിൽ രണ്ടുപേരും നാട്ടുകാരുടെ പിടിയിലാവുകയും ബി.ജെ.പി. പ്രവർത്തകർ സംഭവ സ്ഥലത്തെത്തിയപ്പോൾ

ബിനീഷ് ഓടിരക്ഷപ്പെടുകയും തുടർന്ന് ഇയാൾ ഫോൺ ചെയ്തതനുസരിച്ച് മുപ്പത്തിരണ്ടോളം സി.പി.ഐ. (എം) പ്രവർത്തകർ സ്ഥലത്തെത്തി ബോംബെറിയുകയും കൊടുവാൾ കാണിച്ച് ഭീഷണിപ്പെടുത്തുകയും തുടർന്ന് രായിരക്കനി ബാബു രക്ഷപ്പെടുകയുമുണ്ടായി. ഇതുസംബന്ധിച്ച് ബി.ജെ.പി. പ്രവർത്തകനായ ബാബുവെന്ന ആളുടെ പരാതിപ്രകാരം വടകര പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്.

## (16) <u>റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യം</u>

<u>ശ്രീ. പി. സി. ജോർജ്:</u> കമ്മീഷൻ അടക്കമുള്ള ആവശ്യങ്ങളുന്നയിച്ചു കൊണ്ട് റേഷൻ വ്യാപാരികൾ സമരമാർഗ്ഗങ്ങളിലേക്ക് പോകുന്നത് തടയാനും റേഷൻവിതരണം മുടങ്ങുന്ന സാഹചര്യം ഒഴിവാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>) : റേഷൻവ്യാപാരികളുടെ ആവശ്യാർത്ഥം സോൾവൻസി ഇഷ്യൂസ്, കമ്മീഷൻ വർദ്ധനവ്, ധനസഹായവർദ്ധനവ്, ചികിത്സാസഹായം തുടങ്ങിയവ സംബന്ധിച്ച് സർക്കാർ പരിശോധിച്ച് ആവശ്യമായ നടപടികളെടുത്തിട്ടുണ്ട്. കൂടാതെ അരിയുടെ കമ്മീഷൻ വർദ്ധിപ്പിച്ചുകൊടുത്തിട്ടുമുണ്ട്. മാന്യമായ നിലയിൽ തൊഴിൽചെയ്ത് ജീവിക്കാനുള്ള സാഹചര്യം സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. മണ്ണെണ്ണയുടെ കമ്മീഷൻ

ലിറ്ററിന് 291 രൂപയായി വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

## (17) വൈദ്യുതിബോർഡ് കമ്പനിവൽക്കരിക്കുന്നതുമൂലമുണ്ടാകുന്ന ആശങ്കകകൾ

ശ്രീ. സി. ദിവാകരൻ : വൈദ്യുതി ബോർഡ് കമ്പനിവൽക്കരിക്കുന്നതുമൂലം ജീവനക്കാർക്കിടയിലും പെൻഷൻകാർക്കിടയിലും ഉണ്ടായിരിക്കുന്ന ആശങ്കകൾ ദൂരീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): വൈദ്യുതി ബോർഡ് കമ്പനിവൽക്കരിക്കുന്നതു സംബന്ധിച്ച് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നിലപാട് തന്നെയാണ് ഈ സർക്കാരും പിന്തുടരുന്നത്. കഴിഞ്ഞ സർക്കാർ ഒന്നാം ട്രാൻസ്ഫർ സ്കീം അനുസരിച്ച് കെ.എസ്.ഇ.ബി.-യെ പിരിച്ചുവിട്ട് ആസ്തിബാദ്ധ്യതകൾ ഏറ്റെടുക്കുകയുണ്ടായി. 2011-ലെ ക്യാബിനറ്റ് തീരുമാനമനുസരിച്ച് സർക്കാർ ഒരു കമ്പനി രജിസ്റ്റർ ചെയ്യുകയും രണ്ടായിരത്തിയഞ്ഞൂറ് കോടി രൂപയുടെ പെൻഷൻഫണ്ട് രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. അതിന്റെ ഭാഗമായി രണ്ടാമത്തെ ട്രാൻസ്ഫർ സ്കീമിൽപ്പെടുത്തി കമ്പനി രജിസ്റ്റർ ചെയ്ത് ഏഴായിരത്തി അഞ്ഞൂറ്റി എൺപത്തിനാല് കോടി രൂപയുടെ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. അതിൽനിന്നും പെൻഷൻ കൊടുക്കാനാകും. ഇതുസംബന്ധിച്ച് വിവിധ

യൂണിയനുകളുമായി ചർച്ച ചെയ്ത് എഗ്രിമെന്റും വയ്ക്കുന്നതാണ്.

## (18) ട്രാവൻകൂർ--കൊച്ചിൻ കെമിക്കൽസിലെ പ്രതിസന്ധി

ശ്രീ. വി. എസ്. സുനിൽ കുമാര്: ട്രാവൻകൂര്-കൊച്ചിൻ കെമിക്കൽസിൽ വൈദ്യുതി കുടിശ്ശികമൂലം ഉണ്ടായ പ്രതിസന്ധി പരിഹരിക്കാനും; Open Axis-ൽ വൈദ്യുതി വാങ്ങാൻ അനുമതി കൊടുക്കുന്നതിനും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയുടെ കരാർ പുതുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : 2013 ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ടി.സി.സി. ഓപ്പൺ എക്സസ്സിൽ പവർ എടുത്തിട്ടുണ്ട്. താരിഫ് സംബന്ധിച്ച കേസ് സുപ്രീംകോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ടി.സി.സി. സമർപ്പിച്ച പെറ്റീഷൻ സർക്കാരിന്റെ പരിഗണനയിലാണ്. ടി.സി.സി.-യെ സംരക്ഷിക്കുന്നതിനായി സർക്കാരിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.

## (19) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ ജോലി സുരക്ഷ

ശ്രീ. എന്. ഷംസുദ്ദീന്: സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ നിലവിലുള്ള വേതനം വർദ്ധിപ്പിക്കാനും ജോലി സുരക്ഷിതത്വം ഉറപ്പുവരുത്താനും അദ്ധ്യാപകർക്ക് ടി.ടി.സി.-യുടെ പോലുള്ള നിബന്ധനകളിൽ ഇളവ് നൽകാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ 2011-12 വർഷംവരെ കരാർ അടിസ്ഥാനത്തിൽ ഡി.പി.ഇ.പി.-യിലും എസ്.എസ്.എ. യിലും നിയമിക്കപ്പെട്ട അദ്ധ്യാപകർ അന്നത്തെ കരാറിന്റെ ബലത്തിൽ ജോലിയിൽ തുടരുകയാണ്. നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള 111 ഏകാദ്ധ്യാപക വിദ്യാലയങ്ങളെ എല്.പി. സ്കൂളായി ഉയർത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇവ എല്.പി. സ്കൂളുകളാക്കി ഉയർത്തപ്പെടുമ്പോൾ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യതയുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഭൂരിപക്ഷം അദ്ധ്യാപകരും ടി.ടി.സി. കോഴ്സ് കഴിയാത്തവരാണ്. ഈ സാഹചര്യത്തിൽ യോഗ്യതയുള്ളവരെ അദ്ധ്യാപകരായി നിയമിക്കുകയും അല്ലാത്തവരെ അർഹമായ മറ്റ് തസ്തികയിൽ നിയമിക്കുകയും ചെയ്യേണ്ടതുണ്ട്. ഒരു എല്.പി. സ്കൂളിൽ രണ്ട് അദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്. അദ്ധ്യാപകരുടെ ജോലി സുരക്ഷിതത്വം ഉറപ്പാക്കുന്നകാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

### (20) വനത്തിനുള്ളിൽ തടയണ നിർമ്മിക്കൽ

ശ്രീ. കെ. രാധാകൃഷ്ണൻ : പാരിസ്ഥിതിക തടസ്സമില്ലാതെ വനത്തിനുള്ളിൽ തടയണകൾ നിർമ്മിച്ച് വന്യജീവികൾക്കാവശ്യമായ ജലം സംഭരിച്ച്

വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയാനും ഇതിനായി വിവിധ വകുപ്പുകൾ ചേർന്ന് പദ്ധതി ആവിഷ്കരിക്കാനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഇതിനകം സർക്കാർ 106 തടയണകൾ നിർമ്മിച്ചിട്ടുണ്ട്. നേരത്തെ ആവിഷ്കരിച്ച പദ്ധതികൾ വിപുലപ്പെടുത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്. മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത സംരംഭം വേണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്.

### (21) **നഗരസഭകളുടെ ഗ്രേഡ് ഉയർത്തൽ**

ശ്രീ. ബെന്നി ബെഹനാൻ : നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കി നഗരസഭകളുടെ ഗ്രേഡ് ഉയർത്താൻ അടിയന്തര നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : നഗരസഭകളുടെ അപ്ഗ്രഡേഷൻ അനിവാര്യമായ സാഹചര്യത്തിൽ 2008-09, 2009-10, 2010-11 വർഷങ്ങളിലെ ശരാശരി വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ നഗരസഭകളുടെ ഗ്രേഡിംഗ് പരിഷ്കരിക്കുന്നതിനുള്ള നഗരകാര്യ ഡയറക്ടറുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. തൃക്കാക്കര അടക്കമുള്ള നഗരസഭകളുടെ ഗ്രേഡിംഗ് ഉയർത്താനുള്ള നടപടി ഉടൻതന്നെ സ്വീകരിക്കുന്നതാണ്

### (22) **കൊച്ചി നഗരത്തിലെ കൊതുകുശല്യം**

<u>ശ്രീ. ഹൈബി ഈഡൻ</u> : കൊച്ചി നഗരം നേരിടുന്ന കൊതുകുശല്യത്തിന് പരിഹാരമുണ്ടാക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ചെയ്യണം. നഗരസഭയിലെ ഒഴിവുകൾ നികത്താനും ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ക്രിയാത്മകമായി പ്രവർത്തിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ. മഞ്ഞളാംകുഴി അലി)</u>: നഗരസഭാ പ്രദേശത്തുള്ള തോടുകളിൽനിന്നും വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സാഹചര്യമില്ലാത്തതും ചതുപ്പുനിലങ്ങളിൽ കൊതുകുകൾ പെരുകുന്നതുമാണ് കൊച്ചിയിൽ കൊതുകുശല്യം വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണം. കൊതുക് നശീകരണ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുണ്ട്. പ്രധാന കാനകളെല്ലാം വൃത്തിയാക്കുകയും കെട്ടികിടക്കുന്ന വെള്ളത്തിൽ കല്ലുപ്പ് വിതറുകയും മാലിന്യങ്ങൾ അതാത് ദിവസം തന്നെ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊതുകുകളുടെ ലാർവകൾ നശിപ്പിക്കുന്നതിനായി പവർ സ്പ്രേയറുകൾ ഉപയോഗിക്കുകയും ഫലപ്രദമായി ഫോഗിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. കൊതുകുനിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തൊഴിലാളികളെ നിയോഗിക്കുകയും മേൽനോട്ടത്തിനായി ഹെൽത്ത് ഇൻസെപക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നഗരപരിധിയിലെ റെസിഡൻസ് അസോസ്സിയേഷൻ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ യോഗം വിളിച്ചുചേർക്കുകയും കൊതുക് നിവാരണ പ്രവർത്തനങ്ങളിൽ

പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും മൈക്രോ ബയോളജിസ്റ്റുകളുടെയും ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(23) **കോവിലന് സ്മാരക മന്ദിരം നിർമ്മിക്കൽ**

ശ്രീ. പി. എ. മാധവൻ: മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരിയിൽ കോവിലൻ സ്മരാക ട്രസ്റ്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് സുപ്രസിദ്ധ സാഹിത്യകാരൻ കോവിലന് സ്മാരക മന്ദിരം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോവിലന് ഒരു സ്മാരക മന്ദിരം പണിയുന്നതിന് തുടക്കം കുറിച്ചെങ്കിലും ആവശ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ട് പണി മുടങ്ങിപ്പോകുകയാണുണ്ടായത്. കണ്ടാണശ്ശേരിയിൽ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(24) **പി.എം.ജി.എസ്.വൈ-ൽ ഉൾപ്പെടുന്ന റോഡുകളുടെ റീ-ടെണ്ടർ നടപടി**

ശ്രീ. അൻവർ സാദത്ത്: പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം അനുവദിച്ച റോഡുകളുടെ നിർമ്മാണം റീ-ടെണ്ടർ ചെയ്ത്

ത്വരിതഗതിയിൽ പൂർത്തിയാക്കാനുള്ള സാഹചര്യമുണ്ടാക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): 2013-14 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ.-യുടെ എട്ടാമത്തെ ഫേസിൽ ഉൾപ്പെടുത്തി 457 കോടി രൂപയുടെ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി ലഭിക്കുകയുണ്ടായി. ടെണ്ടർ പോകാത്തതുകൊണ്ട് അധിക നിരക്ക് നൽകാൻ തീരുമാനിച്ചെങ്കിലും ഏറ്റെടുക്കാൻ കരാറുകാർ തയ്യാറായിട്ടില്ല. ഈ വർഷത്തെ ബഡ്ജറ്റിൽ ടെണ്ടർ എക്സസ് നൽകുന്നതിനായി തുക മാറ്റിവച്ചിട്ടുണ്ട്. അവശേഷിക്കുന്ന വർക്കുകൾ ടെണ്ടർ വിളിച്ചോ അധിക തുക മാറ്റിവച്ചോ നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

(25) **വിശ്വകർമ്മ സമുദായത്തിലെ പരമ്പരാഗത തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷൻ പദ്ധതിയും**

ശ്രീ. സി. എഫ്. തോമസ്: വിശ്വകർമ്മ സമുദായത്തിൽപ്പെട്ട വിവിധ വിഭാഗം പരമ്പരാഗത തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷൻ പദ്ധതിയും എത്രയും വേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): പിന്നോക്ക സമുദായവികസന വകുപ്പ് രൂപീകരിച്ചതിനുശേഷം പരമ്പരാഗത വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവർക്ക്

അർഹമായ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്ന കാര്യം സജീവമായി പരിഗണിച്ചുവരികയാണ്. 60 വയസ്സ് കഴിഞ്ഞ മറ്റ് ക്ഷേമ പെൻഷനുകളൊന്നും ലഭിക്കാത്ത പരമ്പരാഗത വിശ്വകർമ്മജർക്ക് പ്രതിമാസം അഞ്ഞൂറ് രൂപ പെൻഷൻ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(26) **പട്ടികജാതി വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കൽ**

ശ്രീ. വി. പി. സജീന്ദ്രൻ: പട്ടികജാതി വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കാനും ചികിത്സാ സഹായത്തിനുള്ള വരുമാന പരിധി ഉയർത്താനും എസ്.സി. പ്രൊമോട്ടർമാരുടെ വേതനം വർദ്ധിപ്പിക്കാനും നടപടിയുണ്ടാകണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ ആനുകൂല്യങ്ങളിലും ആനുപാതികമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. അടുത്ത വർഷം വീട് വയ്ക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാനും എസ്.സി. പ്രൊമോട്ടർമാരുടെ ഓണറേറിയം അടുത്ത സാമ്പത്തിക വർഷം മുതൽ ഏഴായിരം രൂപയാക്കി വർദ്ധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(27) **<u>ചക്കാലനായർ സമുദായത്തെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തൽ</u>**

<u>ശ്രീ. എ. റ്റി. ജോർജ്:</u> വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന എണ്ണയാട്ടുന്ന ചക്കാലനായർ സമുദായത്തെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി സംവരണാനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. എ. പി. അനിൽ കുമാർ):</u> അസംഘടിത മേഖലയിൽ പണിയെടുക്കുന്ന മറ്റ് ക്ഷേമപദ്ധതികളിൽ അംഗമാകാൻ സാധിക്കാത്ത 18-നും 50-നും മധ്യേ പ്രായമുള്ള എണ്ണയാട്ടുന്ന തൊഴിലാളികൾക്ക് കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാകാൻ കഴിയുന്നതാണ്. 60 വയസ്സ് കഴിഞ്ഞ റിട്ടയർമെന്റ് ആനുകൂല്യം കൈപ്പറ്റുന്ന അംഗങ്ങളിൽ പത്ത് വർഷത്തെ അംഗത്വ കാലാവധി ഉള്ളവർക്ക് കേരള അൺ-ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി തൊഴിൽ വകുപ്പ് മുഖേന സർക്കാർ പെൻഷൻ നൽകുന്നുണ്ട്. ചക്കാലനായർ ഉൾപ്പെടെയുള്ള വിവിധ സമുദായങ്ങളെ ഒ.ഇ.സി.യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും ഒ.ഇ.സി. വിഭാഗത്തിലെ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ചും പഠിക്കുന്നതിനായി നിയോഗിച്ച പി. പി. ഗോപി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിശോധിച്ച്

നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വിദ്യാഭ്യാസ അനുകൂല്യത്തിന് അർഹതയുള്ള ചക്കാല നായർ സമുദായം എസ്.സി.ബി.സി. ലിസ്റ്റിലും ഒ.ബി.സി. ലിസ്റ്റിലും ഉൾപ്പെടുന്നുണ്ട്.

(28) **മൂവാറ്റുപുഴയാർ സംരക്ഷണം**

ശ്രീ. ജോസഫ് വാഴക്കൻ: അശാസ്ത്രീയമായ മത്സ്യബന്ധനവും ഖരമാലിന്യങ്ങളുടെ നിക്ഷേപവുംമൂലം ഉപയോഗശൂന്യമായി മാറിക്കൊണ്ടിരിക്കുന്ന മൂവാറ്റുപുഴയാറിനെ സംരക്ഷിക്കാൻ ആവശ്യമായ പഠനം നടത്തി മൂവാറ്റുപുഴയേയും പോഷകനദികളേയും സംരക്ഷിക്കുന്നതിനും റിവർ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ പി. ജെ. ജോസഫ്): മൂവാറ്റുപുഴയാറിലെ നീരൊഴുക്ക് നിലനിർത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിന് നദീതടത്തിന്റെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ വിശദമായ പഠനം ആവശ്യമാണ്. ഇത് പൂർത്തിയായാൽ മാത്രമേ മൂവാറ്റുപുഴയാറിന്റെ സംരക്ഷണത്തിനുള്ള സമഗ്ര നദീതട സംരക്ഷണ പദ്ധതി തയ്യാറാക്കുവാൻ കഴിയൂ. പഠനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

(29) **ഭാരതപ്പുഴയിൽ തടയണ നിർമ്മാണം**

ശ്രീമതി കെ. എസ്. സലീഖ: ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടേയും

വാണിയംകുളം പഞ്ചായത്തിന്റേയും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കൊച്ചിൻ പാലത്തിന് സമീപം ഭാരതപ്പുഴയിൽ തടയണ നിർമ്മാണം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ പി.ജെ. ജോസഫ്): തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി പാലത്തിന്റെ താഴ്ഭാഗത്ത് ഭാരതപ്പുഴയ്ക്കു കുറുകെ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചെങ്കിലും പ്രസ്തുത പദ്ധതി നടപ്പാക്കിവരവേ കരാറുകാരൻ മരണപ്പെട്ടതിനാൽ പണി തടസ്സപ്പെട്ടതിനെത്തുടർന്ന് ശേഷിച്ച പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിക്കുവേണ്ടി നൽകിയിരിക്കുകയാണ്. സംസ്ഥാന ഉന്നതതല സമിതി തീരുമാനപ്രകാരം 50 ലക്ഷം രൂപയ്ക്കുമേൽ എസ്റ്റിമേറ്റ് തുക വരുന്ന തടയണ നിർമ്മാണ പ്രവൃത്തികൾ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (30) പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം

ശ്രീ. എം. ഹംസ : തടയണകൾ നിർമ്മിച്ചും കുടിവെള്ള പദ്ധതികൾ നടപ്പാക്കിയും പാലക്കാട് ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പമന്ത്രി <u>(ശ്രീ പി.ജെ. ജോസഫ്)</u>: പാലക്കാട് ജില്ലയിൽ ഇതിനകം മൂന്ന് സമഗ്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുടുമ്പ്, പുൽപ്പുള്ളി പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി വേനൽക്കാലത്ത് ഭാഗികമായി കമ്മീഷൻ ചെയ്യുന്നതാണ്. മിനി കുടിവെള്ള പദ്ധതികള്, കാലപ്പഴക്കം ചെന്ന പമ്പുകൾ മാറ്റുക എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികളുടെ പ്രോജക്ടുകൾ തയ്യാറാക്കി വരികയാണ്. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടെ കീഴിൽ കുഴൽ കിണർ ഉപയോഗിച്ചുള്ള 11 ചെറുകിട കുടിവെള്ള പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 6 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള കുഴൽ കിണറുകളുടെ ഹാൻഡ് പമ്പ് അറ്റകുറ്റ പണികൾ ചെയ്യുന്നതിനും പുതിയ കുഴൽ കിണറുകൾ കുഴിച്ച് കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനും ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## (31) <u>വരൾച്ചാ ദുരിതാശ്വാസം</u>

<u>ശ്രീ. രാജു എബ്രഹാം</u>: സംസ്ഥാനത്തെ വരൾച്ചയെ നേരിടുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ 100 കോടി രൂപ അനുവദിച്ചുകൊണ്ട് ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കാനും പൈപ്പ്ലൈനുകൾ ദീർഘിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പമന്ത്രി <u>(ശ്രീ പി.ജെ. ജോസഫ്)</u>: വരൾച്ച നേരിടാൻ റവന്യൂ വകുപ്പുമായി ആലോചിച്ച് ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ടാങ്കർ

ലോറികളിൽ വെള്ളം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്രോതസ്സുകൾ പുനരുദ്ധരിക്കുക, ചോർച്ച തടയുക എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പമ്പുകളും മോട്ടോറുകളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുഴൽ കിണറുകൾ നന്നാക്കുന്നതുൾപ്പെടെയുള്ള പദ്ധതികൾ തയ്യാറാക്കാൻ ഭൂജലവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കേടായതും കാലപ്പഴക്കം ചെന്നതുമായ പമ്പുസെറ്റുകളും മോട്ടോറുകളും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(32) **ബൈപ്പാസ് റോഡിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച്**

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : കൊടുവള്ളി മണ്ഡലത്തിലെ നരിക്കുനിയിൽ നിർമ്മിക്കുന്ന ബൈപ്പാസ് റോഡിന് സ്ഥലം ഏറ്റെടുക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ്): കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ടൗണിലെ ഗതാഗത തടസ്സം പരിഹരിക്കുന്നതിലേക്കായി ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബൈപ്പാസ് റോഡിന്റെ അലൈൻമെന്റ്

അംഗീകരിക്കുകയും 1.2 കി.മീ ദൂരം സർവ്വേ ചെയ്ത് കല്ലിടുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ഭാഗത്തെ സർവ്വേ നടപടികൾ സ്ഥലമുടമകളുടെ എതിർപ്പുമൂലം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം നിമിത്തം ഊരാളുങ്കൽ ലേബർ സൊസൈറ്റിയുടെ അഭ്യർത്ഥന പ്രകാരം അവരെ ബാക്കി ഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുകയും സർവ്വേ പൂർത്തിയായ ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കോഴിക്കോട് ജില്ലാകളക്ടറോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ഭാഗത്തെ സർവ്വേനടപടികൾ പൂർത്തിയായശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

### (33) തലശ്ശേരി - മാഹി ബൈപ്പാസ്സിന്റെ നിർമ്മാണം

ശ്രീ. കോടിയേരി ബാലകൃഷ്ണന്: മുഴപ്പിലങ്ങാട് മുതൽ കുഞ്ഞിപ്പള്ളിവരെയുള്ള ഭാഗം പ്രത്യേക റീച്ചാക്കി തലശ്ശേരി-മാഹി ബൈപ്പാസ്സിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തണം.

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ്): തലശ്ശേരി-മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ കുഞ്ഞിപ്പള്ളിവരെയുള്ള ഭാഗം സ്റ്റാൻഡ് എലോൺ പ്രോജക്ടായി എടുക്കണമെന്ന അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. ആദ്യഘട്ടമെന്ന നിലയിൽ മുഴപ്പിലങ്ങാട്

മുതൽ തലശ്ശേരി കൂർഗ് റോഡിലെ എരഞ്ഞോളി വരെയുള്ള രണ്ടുവരി പാത നിർമ്മിക്കാനുള്ള ഡി.പി.ആര്. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

## നിയമനിർമ്മാണകാര്യം

### II. 2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ.എം. മാണി: 2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ കെ.പി. മോഹനന്) : പ്രമേയത്തെ പിന്താങ്ങുന്നു.l

ശ്രീ. കെ.എം. മാണി: 2014-15 വർഷത്തെ പ്രവർത്തന ചെലവ് ആകെ 79,414 കോടി രൂപയാണ്. അതിൽ റവന്യൂ എക്സ്പെൻഡിച്ചർ 71,974 കോടി രൂപയും ക്യാപിറ്റൽ എക്സ്പെൻഡീച്ചർ 7440 കോടി രൂപയുമാണ്. വായ്പാ തിരിച്ചടവ് ഉൾപ്പെടെയുള്ള മൊത്തം ഡിമാന്റ് 94202 കോടി രൂപയാണ്.

വായ്പാ തിരിച്ചടവ് ഒഴികെയുള്ളത് 79414 കോടി രൂപയാണ്. വായ്പാ തിരിച്ചടവ് ഉൾപ്പെടെയുള്ള മൊത്തം ഡിമാന്റായ 94202 കോടി രൂപയിൽ നാല് മാസത്തേക്ക് ചെലവഴിക്കേണ്ടത് 31401 കോടി രൂപയാണ്. 31401 കോടി രൂപയിൽ 90 ശതമാനവും സോഷ്യൽ സെക്ടറുകളുടെ ചെലവിനുവേണ്ടിയുള്ള റവന്യൂ എക്സ്പെൻഡിച്ചറാണ്. റവന്യു എക്സ്പെൻഡിച്ചറിന്റെ 61-ഉം ആകെ വരുമാനത്തിന്റെ 68-ഉം ശതമാനം ശമ്പളം, പെൻഷന്, പലിശ തുടങ്ങിയവ നൽകുന്നതിനുവേണ്ടിയാണ് ചെലവാക്കുന്നത്. മേജർ ക്യാപിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടിന് നടപ്പ സാമ്പത്തിക വർഷം 1225 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റവന്യൂ എക്സ്പെൻഡിച്ചർ വർദ്ധിക്കുന്നതിനോടൊപ്പം ക്യാപിറ്റൽ എക്സ്പെൻഡിച്ചറും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

**<u>ക്രമപ്രശ്നം</u>**

**<u>ജസീറയെ മർദ്ദിച്ച സംഭവം</u>**

<u>ശ്രീ. കോടിയേരി ബാലകൃഷ്ണന്</u>: കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ പാലാരിവട്ടത്തെ വസതിക്കുമുമ്പിൽ സമരം നടത്തിവന്നിരുന്ന ശ്രീമതി ജസീറയെ പോലീസുകാർ അറസ്റ്റ് ചെയ്ത് മൃഗീയമായി മർദ്ദിച്ചതിനെത്തുടർന്ന് പ്രസ്തുത സ്ഥലത്ത് ഇപ്പോൾ സംഘർഷാവസ്ഥ നിലനിൽക്കുകയാണ്.

ഗുരുതരമായ ഈ സംഭവം സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി നൽകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ എറണാകുളം സിറ്റി പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരം ലഭിച്ചാലുടൻ സഭയെ അറിയിക്കുന്നതാണ്.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. കെ. ദാസൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പദ്ധതി പ്രഖ്യാപിക്കുന്നതിലും പണം അനുവദിക്കുന്നതിലും കോഴിക്കോട് ജില്ലയെ അവഗണിച്ചിരിക്കുകയാണ്. കേളപ്പജി സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അതിനാവശ്യമായ പണം ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കേളപ്പജി സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ബഡ്ജറ്റിൽ പണം നീക്കിവച്ചിട്ടില്ലെങ്കിൽപ്പോലും പ്രസ്തുത സ്മാരകം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ദാസൻ: ചിറ്റാരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. ജനക്ഷേമപ്രവർത്തനങ്ങൾക്ക് പകരം

ജനങ്ങളുടെ മേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. വാറ്റ് നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, കെട്ടിട നികുതി, ആഡംബര നികുതി, മുദ്രപ്പത്ര നിരക്കുകള്, നിർമ്മാണ സാമഗ്രികളുടെ വില എന്നിവ വർദ്ധിപ്പിക്കുകയും ഭൂമിയുടെ ന്യായവില കൂട്ടുകയും ചെയ്തു. പണയാധാരത്തിന് ഗഹാൻ ഏർപ്പെടുത്തുകയും തുണിത്തരങ്ങൾക്കും ഹോട്ടൽ ഭക്ഷണത്തിനും വില വർദ്ധിപ്പിക്കുകയും ചെയ്തു. മദ്യത്തിന്റെ നികുതി പത്ത് ശതമാനം കൂട്ടിയതുവഴി വ്യാജവാറ്റും അനധികൃത മദ്യവിൽപ്പനയും വ്യാപിക്കാനിടയാകും. പല മേഖലകളിലും നികുതി വെട്ടിപ്പ് നടക്കുകയും വനസമ്പത്ത് ചോർന്നുകൊണ്ടിരിക്കുകയുമാണ്. ധാതുമണൽ കള്ളക്കടത്ത് നിയന്ത്രിക്കാനോ ചെക്ക് പോസ്റ്റിലൂടെയുള്ള നികുതി ചോർച്ച തടയുവാനോ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പാട്ടക്കരാർ പുതുക്കുകയോ പാട്ട കുടിശ്ശിക, കൃത്യമായി പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല. റവന്യൂ കമ്മി വർദ്ധിച്ചിരിക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷന്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കർഷകർക്കും വ്യവസായികൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകുന്ന ഒരു ബഡ്ജറ്റാണിത്. ഇൻകം ഗ്യാരന്റി സ്കീം, കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ്, കർഷകരുടെ പെൺകുട്ടികൾക്ക് സൗജന്യ ലാപ്ടോപ് നൽകുന്ന പദ്ധതി തുടങ്ങി നിരവധി പുതിയ ആശയങ്ങൾ ബഡ്ജറ്റിൽ ഉണ്ട്. മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നതിനായി തുക

നീക്കിവച്ചതും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചതും ആശ്വാസകരമാണ്. ആഡംബര സ്വകാര്യ കാരേജുകൾക്ക് ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം.

ശ്രീ. ജി. എസ്. ജയലാല്: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. നമ്മുടെ രാജ്യത്ത് സാമ്പത്തികമാന്ദ്യവും നാണയപ്പെരുപ്പവും പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നുവെന്ന് ബഡ്ജറ്റിൽത്തന്നെ പറഞ്ഞിരിക്കുകയാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമുതകുന്ന പ്രവർത്തനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. പൊതുവിതരണം, ആരോഗ്യം, വൈദ്യുതി തുടങ്ങിയ മേഖലകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം.

ശ്രീ. പി. ബി. അബ്ദുൾ റസാക്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. എല്ലാ വിഭാഗം ജനങ്ങളോടും അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കുന്ന ബഡ്ജറ്റാണിത്. നവജാത ശിശുക്കൾക്ക് പോഷകാഹാരവും വിദ്യാർത്ഥികൾക്ക് സൗജന്യ പുസ്തകവും യൂണിഫോമും ബഡ്ജറ്റിൽ ഉറപ്പാക്കിയിരിക്കുകയാണ്. പൊതുമരാമത്ത്, വ്യവസായം തുടങ്ങിയ മേഖലകളിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് സാധിച്ചു. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുന്നതുൾപ്പെടെ നിരവധി പദ്ധതികൾ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്.

ശ്രീ. ജോസ് തെറ്റയിൽ: ധനകാര്യ, ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. സംസ്ഥാനവരുമാനത്തിന്റെ 68 ശതമാനം റവന്യൂ

എക്സ്പെന്റീച്ചറായതുകൊണ്ട് വികസന പ്രവർത്തനങ്ങൾക്ക് 32 ശതമാനം മാത്രമാണ് വിനിയോഗിക്കാൻ കഴിയുന്നത്. പുതിയ നികുതികൾ ഏർപ്പെടുത്തുന്നുണ്ടെങ്കിലും അത് വേണ്ടവിധം പിരിച്ചെടുക്കാൻ കഴിയുന്നില്ല. കേരളത്തിന്റെ റെയിൽവേ വികസനം മന്ദഗതിയിലാണ്. വിദ്യാഭ്യാസ രംഗത്ത് മുമ്പന്തിയിലെന്ന് അഭിമാനിക്കുമ്പോഴും ഗവേഷണ/ഭരണ രംഗങ്ങളിൽ കേരളത്തിൽനിന്നുള്ള പങ്കാളിത്തം വളരെ കുറവാണ്. കഴിഞ്ഞ വർഷത്തെ പദ്ധതികളിൽ ഭൂരിഭാഗത്തിനും ഭരണാനുമതി നൽകാനോ സർക്കാരിന്റെ പല ഫ്ലാഗ് ഷിപ്പ് പ്രോഗ്രാമുകളും നടപ്പാക്കാനോ കഴിഞ്ഞിട്ടില്ല. അങ്കമാലിയിൽ നിന്നും നെടുമ്പാശ്ശേരി എയർപോർട്ടിലേക്കുള്ള റോഡിന്റെ ഫണ്ട് റിലീസ് ചെയ്യണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ക്യാപ്പിറ്റൽ ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടി കൂടുതൽ പണം ചെലവഴിക്കുക എന്ന ലക്ഷ്യത്തോടുകൂടി ക്യാപ്പിറ്റൽ എക്സ്പെന്റീച്ചർ 850 കോടി രൂപയിൽനിന്നും 1225 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നത് അടിസ്ഥാന മേഖലയുടെ വികസനത്തിന് പ്രാധാന്യം നൽകുന്നതിന് തെളിവാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത് ഏറെ ശ്ലാഘനീയമാണ്. റബറിന്റെ വിലയിടിവ് നേരിടുന്നതിനായി റബ്ബറിന്റെ സംഭരണവില വർദ്ധിപ്പിക്കണം. വരൾച്ചയെ

നേരിടുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കണം.

<u>ശ്രീ. പാലോട് രവി</u>: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. റബ്ബറിന് വിലയിടിവുണ്ടായിട്ടും കാർഷിക മേഖലയിൽ അഞ്ച് ശതമാനം വർദ്ധനവുണ്ടാക്കാൻ സാധിച്ചു. ടാക്സ് കളക്ഷൻ സംബന്ധിച്ച് പുനർചിന്തനം നടത്തണം. ത്രിതല പഞ്ചായത്തുകളെ ടാക്സ് കളക്ഷനുമായി സഹകരിപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. സ്വർണ്ണ കച്ചവടക്കാർ നൽകുന്ന പരസ്യങ്ങൾക്കാനുപാതികമായി ടാക്സ് കൊടുക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. പ്രതിപക്ഷത്തിന്റെ പ്രവർത്തനങ്ങൾ രാജ്യത്തിന്റെ ഫെഡറൽ സംവിധാനവും മതനിരപേക്ഷതയും തകർക്കുന്നതാണ്.

<u>ശ്രീമതി കെ. എസ്. സലീഖ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സ്ത്രീത്വത്തെ ചോദ്യം ചെയ്യുന്നതക്കവിധത്തിലുള്ള സംഭവങ്ങളാണ് അടുത്തകാലത്ത് കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾക്ക് നീതി നിഷേധിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ആഭ്യന്തരവകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. സാധാരണക്കാരായ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള നികുതി നിർദ്ദേശങ്ങളാണ് സർക്കാർ കൊണ്ടുവന്നിട്ടുള്ളത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം.</u>

<u>മാണി):</u> കെ. കേളപ്പന്റെ സ്മാരകത്തിന് ഫണ്ട് മതിയാകുന്നില്ലെങ്കിൽ റിക്വസ്റ്റ് വരുമ്പോൾ ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കകത്തുനിന്നുകൊണ്ട് ആവശ്യമായ സഹായം ചെയ്യുന്നതാണ്. കുടുംബങ്ങളിൽ നടക്കുന്ന ഭാഗ ഉടമ്പടി, ധനനിശ്ചയാധാരം തുടങ്ങിയവയുടെ സ്റ്റാമ്പ് ഡ്യൂട്ടിയും വിലയാധാരത്തിന് വിവിധ തരത്തിലുണ്ടായിരുന്ന റേറ്റും ആറ് ശതമാനമായി കുറച്ചു. പെട്രോളിനും ഡീസലിനും രണ്ടുതവണ വില കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. റബ്ബറിന്റെ വിലത്തകർച്ച നേരിടാൻ മാർക്കറ്റ് ഇടപെടലിന് ആവശ്യമായ ധനസഹായം സർക്കാർ നൽകുന്നതാണ്. സർക്കാർ ജീവനക്കാരുടെ പ്രശ്നങ്ങൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റും ജീവനക്കാരുമായി ചർച്ചചെയ്ത് ഫിനാൻസ് കോഡിനകത്തു നിന്നുകൊണ്ട് പരിഹാരം ഉണ്ടാക്കുന്നതാണ്. കരുനാഗപ്പള്ളിയിൽ ഒരു ആർട്സ് കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം 54-നെതിരെ 70 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## III. 2014 - ലെ കേരള ധനകാര്യ ബില്ലിന്റെയും 2014-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ ) ബില്ലിന്റേയും അവതരണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2014-ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (രണ്ടാം നമ്പര്) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കര്: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

## ശ്രീ. കോടിയേരി ബാലകൃഷ്ണൻ എം.എല്.എ. ഉന്നയിച്ച ക്രമപ്രശ്നത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ വിശദീകരണം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി പ്രഖ്യാപിച്ച പണം നൽകാത്തതിൽ പ്രതിഷേധിച്ച് അദ്ദേഹത്തിന്റെ വീടിന് മുമ്പിൽ സമരം നടത്തിയിരുന്ന ജസീറയും കുട്ടികളും പണം നൽകണമെന്നാവശ്യപ്പെട്ട് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുകയും സമീപത്തുള്ള ഫുട്പാത്തിൽ കുത്തിയിരിക്കുകയും ചെയ്തു. വൈകിട്ട് ഏഴു മണിയോടെ അവിടെ എത്തി സംസാരിച്ച ഒരാളെ ജസീറ അടിച്ചതിൽ പ്രതിഷേധിച്ച് പതിനഞ്ചോളം പേർ സ്റ്റേഷനിലെത്തുകയും ജസീറയുമായി വഴക്കുണ്ടാക്കുകയും ചെയ്തതിനെത്തുടർന്ന് അവരുടെയും കുട്ടികളുടെയും സുരക്ഷയെ കരുതി അവരെ ഫുട്പാത്തിൽ നിന്നും പോലീസ് സ്റ്റേഷനിലേക്ക് മാറ്റുകയുണ്ടായി. പ്രതിഷേധക്കാർ പിരിഞ്ഞുപോയതിനുശേഷവും പുറത്തുപോകാൻ കൂട്ടാക്കാതെ ജസീറ പോലീസ് സ്റ്റേഷനിൽത്തന്നെ ഇരിക്കുകയും അവിടെ എത്തിയ മാധ്യമപ്രവർത്തകരോട് പോലീസുകാർ തന്നെ മർദ്ദിച്ചുവെന്ന് ഉറക്കെ വിളിച്ചുപറയുകയും ചെയ്തു. ജസീറ കുട്ടികളെ പീഡിപ്പിക്കുന്നുവെന്ന് കാണിച്ച് ഷൈജു എന്നയാൾ നൽകിയ പരാതിയിന്മേൽ ജസീറയ്ക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കാൻ കൊണ്ടുപോകവെ സ്റ്റേഷന് മുമ്പിൽ കിടന്ന ജസീറ

മാധ്യമ പ്രവർത്തകരുമായി സംസാരിച്ചശേഷം പോലീസ് വാഹനത്തിൽ കയറി കാക്കനാട് ജുവനൈൽ ഹോമിലേയ്ക്ക് പോവുകയും ചെയ്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ജസീറയെ കയ്യേറ്റം ചെയ്ത ആൾ ആരെന്ന് കണ്ടെത്താൻ പോലീസിന് കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല മഫ്റ്റിയിലുള്ള പോലീസ് ജസീറയെ ഉപദ്രവിക്കുന്നതായ ചിത്രം പുറത്തുവരികയും ചെയ്തിട്ടുണ്ട്. ജനമൈത്രി പോലീസ് സ്റ്റേഷനിൽ നടന്ന കാര്യങ്ങൾ സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തണം.

ഡോ. റ്റി. എം. തോമസ് ഐസക് : ഓട്ടോറിക്ഷക്കാരും പത്രപ്രവർത്തകരും തമ്മിലുണ്ടായ പ്രശ്നത്തെത്തുടർന്ന് പരാതി നൽകാൻ പോലീസ് സ്റ്റേഷനിലെത്തിയ മാധ്യമ പ്രവർത്തകനെ പോലീസ് തല്ലുന്നത് കണ്ടുവെന്ന ജസീറയുടെ മൊഴിയെ തുടർന്നാണ് പ്രശ്നങ്ങളുണ്ടായത്. മന്ത്രിയുടെ പ്രസ്താവനയിൽ ആ ഭാഗം വിട്ടുകളഞ്ഞിരിക്കുകയാണ്.

## സബ്മിഷൻ (തുടർച്ച)

### (34) ചാലക്കുടി റെയിൽവേ അടിപ്പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം.

ശ്രീ. ബി.ഡി. ദേവസ്സി : ചാലക്കുടി റെയിൽവേ അടിപ്പാലത്തിന്റെ അപ്രോച്ച് റോഡിന്റെയും ഡ്രെയിനേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ചാലക്കുടി റെയിൽവേ അണ്ടർ ബ്രിഡ്ജിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള അപ്രോച്ച് റോഡിന്റെയും ഡ്രെയിനേജിന്റെയും നിർമ്മാണത്തിനായി 700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

(35) **ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ സ്ഥലം കൈവശപ്പെടുത്താനുള്ള ശ്രമം**

ഡോ. റ്റി. എം. തോമസ് ഐസക് : വ്യാജ തണ്ടപ്പേർ സൃഷ്ടിച്ച് മറിച്ചുവിറ്റ ആലപ്പുഴ സ്റ്റേഡിയത്തിന്റെ പോക്കുവരവ് റദ്ദ് ചെയ്യാനും വിജിലൻസ് അന്വേഷണം നടത്താനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ വസ്തു വ്യാജ പ്രമാണങ്ങൾ ചമച്ച് തട്ടിയെടുക്കാൻ ശ്രമിക്കുന്നുവെന്ന പരാതിയിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് ഫയൽ കൈമാറിയിരിക്കുന്നതും സ്ഥലത്തിന്റെ പോക്കുവരവ് റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം കൊടുക്കുന്നതുമാണ്.

(36) **പുതിയ റെയിൽവേ ഓവർബ്രിഡ്ജ്**

ശ്രീ. സി. മമ്മൂട്ടി : തിരൂരിലെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതിന് പുതിയ മേൽപ്പാലം നിർമ്മിക്കുന്നതിനും നിലവിലുള്ള മേൽപ്പാലത്തിന്റെ വീതി

കൂട്ടുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : ഡെപ്പോസിറ്റ് വർക്കായി റെയിൽവേ നടപ്പിലാക്കുന്ന നിലവിലുള്ള റെയിൽവേ ഓവർബ്രിഡ്ജിന്റെ വീതി കൂട്ടുന്നതിനും പുതിയ ആര്.ഒ.ബി. നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തിക്കാവശ്യമായ തുക സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ പുതിയ ആര്.ഒ.ബി. യുടെ ഡിസൈനിൽ റെയിൽവേ മാറ്റം വരുത്തിയതിനെ തുടർന്ന് ആവശ്യമായ പരിശോധന നടത്തി നിർമ്മാണം ആരംഭിക്കുന്നതാണ്.

## (37) പുരയിട ഭൂമി റവന്യൂ ഭൂമിയായി രേഖപ്പെടുത്തിയതുമൂലമുള്ള ബുദ്ധിമുട്ട്

ശ്രീ. തോമസ് ഉണ്ണിയാടൻ : പുരയിടമായി നിലനിൽക്കുന്ന ഭൂമി റവന്യൂരേഖകളിൽ നിലമായി രേഖപ്പെടുത്തിയിരിക്കുന്നതുമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഭൂമിയുടെ അടിസ്ഥാനരേഖയിൽ മാറ്റംവരുത്തുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം അനുവദിക്കാത്തതുമൂലം പൊതുജനങ്ങൾക്കു ണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ പ്രസ്തുത നിയമത്തിൽ ഭേദഗതിക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാൻ അദ്ധ്യക്ഷനായുള്ള ഒരു സമിതിയും കൃഷിവകുപ്പുമന്ത്രി

കൺവീനറായുള്ള ഒരു ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (38) **പട്ടയം നൽകൽ**

പ്രൊഫ. സി. രവീന്ദ്രനാഥ്: തൃശ്ശൂർ ജില്ലയിലെ പുതുക്കാട് നിയോജക മണ്ഡലത്തിൽപ്പെട്ട എച്ചിപ്പാറ, ചൊക്കാന, നായാട്ടുക്കുണ്ട് എന്നീ സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് പട്ടയം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.।

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): തൃശ്ശൂർ ജില്ലയിലെ പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്ക് പരിധിയിൽ വരുന്ന എച്ചിപ്പാറ പ്രദേശനിവാസികളടക്കമുള്ള നൂറ്റിയമ്പത്തേഴ് കുടുംബങ്ങളുടെ കൈവശമുള്ള വനഭൂമി പതിച്ചുനൽകുന്നതിനും വെള്ളിക്കുളങ്ങര വില്ലേജ് പരിധിയിൽവരുന്ന ചൊക്കാന, നായാട്ടുക്കുണ്ട് സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ നിവാസികളടക്കമുള്ള കുടുംബങ്ങളുടെ കൈവശമുള്ള വനഭൂമി പതിച്ചുനൽകുന്നതിനും റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനാ ലിസ്റ്റ് കേന്ദ്രാനുമതി ലഭ്യമാക്കാനുള്ള നടപടികൾക്കായി കൈമാറിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (39) **റീ-സർവ്വേ നടപടികളിലെ അപാകതകൾ**

ശ്രീ. വർക്കല കഹാര്: റീ-സർവ്വേ നടപടികളിലെ അപാകതകൾ പരിഹരിക്കുന്നതിനായി താലൂക്കാഫീസുകളിൽ മതിയായ സർവ്വേയർമാരെ നിയമിക്കാനും പുതുതായി രൂപീകരിച്ച താലൂക്കുകളിൽ സർവ്വേയർ തസ്തിക സൃഷ്ടിക്കുന്നതിനും ഔട്ട്സോഴ്സ് ചെയ്തുകൊണ്ട് സർവ്വേനടപടികൾ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): റീസർവ്വേ നടപടി പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളിന്മേലും മേൽനടപടികൾ സ്വീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാർക്ക് നൽകി ഉത്തരവാകുകയും സർവ്വേ വകുപ്പിൽ 2010 മേയ് മാസം വരെ തീർപ്പാക്കാൻ അവശേഷിച്ചിരുന്ന പരാതികൾ ബന്ധപ്പെട്ട താലൂക്കാഫീസുകളിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 250-ൽത്താഴെ ശേഷിക്കുന്ന താലൂക്കുകളിൽ രണ്ട് സർവ്വേയർമാര്, ഒരു ഡ്രാഫ്റ്റ്സ്മാൻ എന്ന വിധത്തിൽ നിയോഗിച്ചിട്ടുണ്ട്. ശേഷിക്കുന്ന പരാതികൾക്ക് തീർപ്പ് കൽപ്പിക്കാനായി അഡീഷണൽ തഹസിൽദാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അപേക്ഷകളുടെ എണ്ണത്തിനനുസരിച്ച് ഓരോ താലൂക്കിലും ജീവനക്കാരെ നിയോഗിച്ച് പ്രശ്നം പരിഹരിച്ചുവരുന്നുണ്ട്. റീ-സർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിൽനിന്നും വീണ്ടും പരാതികൾ വരുന്ന

സാഹചര്യത്തിൽ നിലവിലെ ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടാത്തവിധം ഔട്ട്സോഴ്സ്ചെയ്ത് റീസർവ്വേ പൂർത്തീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പുതിയ 12 താലൂക്കുകളിലും ആവശ്യമായ സർവ്വേയർമാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(40) **കർഷകർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തൽ**

ശ്രീ. സണ്ണി ജോസഫ്: വിലകൊടുത്ത് കൃഷിഭൂമി വാങ്ങി കൈവശം വച്ച് അനുഭവിച്ചുവരുന്ന കർഷകർക്ക് ഉടമസ്ഥാവകാശം ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഒഴിപ്പിക്കൽ ഭീഷണി നേരിടുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനായി നാല് ഹെക്ടർവരെയുള്ള ഭൂമിക്ക് ഉടമസ്ഥാവകാശം നൽകുന്നതിന് 2005-ൽ ഭേദഗതി നിയമം കൊണ്ടുവന്നിട്ടുണ്ടെങ്കിലും ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ഭൂരഹിതരായവർക്ക് പതിച്ചുനൽകാനുള്ള ഭൂവിസ്തൃതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ നാല് ഹെക്ടർ എന്നത് നാല് ഏക്കർ എന്നാക്കി ഭേദഗതി വരുത്താൻ 30-4-2013-ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയും അതനുസരിച്ച് ബിൽ നിയമസഭയിൽ പ്രസിദ്ധപ്പെടുത്തിയെങ്കിലും ഈ സഭയിൽ പാസ്സാക്കിയെടുക്കാനായില്ല.

**(41) ആലപ്പുഴ റ്റി. ഡി. മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി**

## ആശുപത്രിയായി ഉയർത്തൽ

ശ്രീ. ജി. സുധാകരന്: ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജിലെ ഉപകരണങ്ങൾ കേടാകുക, അഞ്ച് മണിക്കുശേഷം ഡോക്ടർമാർ ഉത്തരവാദിത്വം നിർവ്വാഹിക്കാതിരിക്കുക, കുറ്റകരമായ അനാസ്ഥകാരണമുള്ള മരണങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധിച്ച് പരിഹാരം കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി (ശ്രീ. വി. എസ്. ശിവകുമാര്): ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജിൽ നിലവിൽ താൽക്കാലിക ഡോക്ടർമാരുൾപ്പെടെ 280 ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഒഴിവുള്ള തസ്തികകൾ നികത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എൻട്രി കേഡർ തസ്തികകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെ്യ്തിട്ടുണ്ട്. മരണപ്പെട്ട രോഗികളിൽ ഭൂരിഭാഗം പേരും അത്യാസന്ന നിലയിൽ മറ്റ് ആശുപത്രികളിൽനിന്നും റഫർ ചെയ്തുവന്നവരും പ്രായക്കൂടുതൽ ഉള്ളവരുമാണെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ കുറ്റകരമായ അനാസ്ഥയുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. പി.എം.എസ്.എസ്.ഐ. പദ്ധതിപ്രകാരം നൂറ്റിയമ്പത് കോടി രൂപ ഈ ആശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ സൂപ്പർ സ്പെഷ്യാലിറ്റിയടക്കമുള്ള എല്ലാവിധ ചികിത്സാസൗകര്യങ്ങളും

ലഭ്യമാക്കുന്നതാണ്.

(42) **കൃാൻസർ ചികിത്സയ്ക്ക് സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ**

ശ്രീ. പി. റ്റി. എ. റഹീം: കോഴിക്കോട് ജില്ലയിലെ മാവൂരിൽ സർക്കാരിന് സൗജന്യമായി വിട്ടുകൊടുത്ത കെട്ടിടത്തിൽ ക്യാൻസർ ചികിത്സയ്ക്കായി ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്) : കോഴിക്കോട് മാവൂരിനടുത്ത് ലഭിച്ച സ്ഥലത്ത് സബ്സെന്റർ സ്ഥാപിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് മലബാർ ക്യാൻസർ സെന്റർ അറിയിച്ച സാഹചര്യത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ക്യാൻസർ വിഭാഗത്തിന്റെ ഒരു സെന്റർ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(43) **കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ നഴ്സിംഗ് കോളേജ്**

ഡോ. എന്. ജയരാജ് : കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ സർക്കാർ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്) : കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി ആരോഗ്യ വകുപ്പ്

ഡയറക്ടറുടെ കീഴിലായതിനാൽ നഴ്സിംഗ് കോളേജ് അനുവദിക്കുന്നതിന് ഡി.എം.ഇ.-യ്ക്ക് സാങ്കേതിക ബുദ്ധിമുട്ടുകളുണ്ടെന്നും ബി.എസ്.സി നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ നിലവിൽ പ്രസ്തുത ആശുപത്രിയിലില്ലെന്നും റിപ്പോർട്ട് ചെയ്തിരുന്നു. മാത്രമല്ല, സർക്കാർ നഴ്സിംഗ് കോളേജുകൾ മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് മാത്രമാണ് സ്ഥാപിക്കുന്നത്. ഈ സാഹചര്യത്തിൽ നഴ്സിംഗ് വിദ്യാഭ്യാസത്തിനുവേണ്ടിമാത്രം സീമെറ്റിന്റെ കീഴിൽ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(44) **ഓപ്പറേഷൻ തീയറ്ററുകൾ പ്രവർത്തന സജ്ജമാക്കൽ**

ശ്രീ. ബാബു എം. പാലിശ്ശേരി : വൈദ്യുതി തകരാറുമൂലം റിപ്പയറിംഗിനായി അടച്ചിട്ട കുന്നംകുളം താലൂക്ക് ആശുപത്രിയിലെ രണ്ട് ഓപ്പറേഷൻ തിയറ്ററുകൾ പ്രവർത്തനക്ഷമമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്) : കുന്നംകുളം താലൂക്ക് ആശുപത്രിയിലെ ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ഓപ്പറേഷൻ തിയറ്റർ ഷോർട്ട്സർക്യൂട്ട്മൂലം 17-05-2013-ന് കത്തി നശിച്ചതിനെത്തുടർന്ന് എല്ലാ ഓപ്പറേഷനുകളും കണ്ണിനു മാത്രമായുള്ള ഓപ്പറേഷൻ തീയറ്ററിൽവച്ച് നടത്തുകയുണ്ടായി. കണ്ണിന്റെ ഓപ്പറേഷൻ നടത്തിയ രോഗികളുടെ കാഴ്ച നഷ്ടപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത തീയറ്ററും

അടയ്ക്കുകയുണ്ടായി. 2014 മാർച്ച് മാസം മുതൽ ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള ഓപ്പറേഷൻ തിയറ്റർ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കണ്ണ് ഓപ്പറേഷൻ തിയറ്ററിൽ ജനറേറ്റർ സ്ഥാപിക്കുന്നതിനും അനുബന്ധ വൈദ്യുതീകരണ പ്രവർത്തനം നടത്തുന്നതിനും ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വിഭാഗം തൃശ്ശൂർ ഡിവിഷന്റെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ 2014 ഫെബ്രുവരി മാസം 24-ലേയ്ക്ക് മാറ്റിയിരിക്കുകയാണ്.

## (45) ഗുരുവായൂരിൽ ഉപേക്ഷിക്കപ്പെട്ട അമ്മമാരെ സംരക്ഷിക്കുന്നതിന് അഭയ കേന്ദ്രം

ശ്രീ. കെ.വി. അബ്ദുൾ ഖാദർ : ഗുരുവായൂരിൽ ഉപേക്ഷിക്കപ്പെടുന്നവരും സ്വമേധയാ തീർത്ഥാടനത്തിനെത്തുന്നവരുമായ അമ്മമാരെ സംരക്ഷിക്കുന്നതിന് അഭയകേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : ഗുരുവായൂർ ക്ഷേത്രപരിസരത്ത് തങ്ങുന്നവരിൽ ചിലർ ഗുരുവായൂർ നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന അനാഥമന്ദിരത്തിലെ അന്തേവാസികളാണ്. ഇവിടത്തെ മുഴുവൻ അന്തേവാസികൾക്കും ഗുരുവായൂർ ക്ഷേത്രത്തിൽനിന്നും രണ്ടുനേരം ഭക്ഷണം നൽകുന്നുണ്ട്. ഇവർക്ക് അസുഖം വരുമ്പോൾ ദേവസ്വത്തിന്റെ കീഴിലുള്ള ആശുപത്രിയിൽനിന്നും ഇന്-പേഷ്യന്റ്

ഉൾപ്പെടെയുളള എല്ലാ ചികിത്സകളും സൗജന്യമായി നൽകുന്നുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിൽ അനാഥമന്ദിരം ആരംഭിക്കുന്നകാര്യം ദേവസ്വം ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(46) **വലപ്പാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ**

ശ്രീമതി ഗീതാ ഗോപി : വലപ്പാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : വലപ്പാട് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിലവിലുളള ഒരു സിവിൽ സർജന്റെയും രണ്ട് അസിസ്റ്റന്റ് സർജൻമാരുടെയും സേവനത്തിനുപുറമേ കരാർ അടിസ്ഥാനത്തിലുളള രണ്ട് ഡോക്ടർമാരുടെ സേവനംകൂടി ലഭ്യമാണ്. ഒരു നഴ്സിംഗ് സൂപ്രണ്ടിന്റെയും 3 ഹെഡ് നഴ്സിന്റെയും 9 സ്റ്റാഫ് നഴ്സിന്റെയും തസ്തിക നിലവിലുണ്ട്. ഇതിൽ രണ്ട് ഹെഡ് നഴ്സിന്റെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഡോക്ടർമാരുടെ ക്വാർട്ടേഴ്സ് പുതുക്കിപ്പണിയുന്നതുൾപ്പെടെ ഈ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുളള നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസ് തലത്തിൽ സ്വീകരിച്ചുവരുന്നു.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനൊന്നും പന്ത്രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ ഇരുപതും ഇരുപത്തൊന്നും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(5) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(6) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനകൾ**

(1) ''സംസ്ഥാന കാർഷിക വികസന നയം'' സംബന്ധിച്ച് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

(2) ''2014-ലെ കേരള പോഷകാഹാര നയം'' സംബന്ധിച്ച് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി പ്രസ്താവന നടത്തി.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

**I സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും**

**(1) 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനന്) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിർദ്ദേശിച്ച ഭേദഗതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ചില നടപടിക്രമങ്ങൾകൂടി പൂർത്തിയാക്കേണ്ടതിനാൽ പ്രസ്തുത ഭേദഗതി ഈ ബില്ലിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. അടുത്ത അവസരത്തിൽ ആ മാറ്റം വരുത്തിക്കൊണ്ടുള്ള ബിൽ

അവതരിപ്പിക്കുന്നതാണ്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**<u>രണ്ടാം വകുപ്പ്</u>**

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

**<u>ഒന്നാം വകുപ്പും പീഠികയും പേരും</u>**

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : 2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**(2) <u>2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ</u>**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ദേശീയ ന്യൂനപക്ഷ കമ്മീഷന്റേയും ന്യൂനപക്ഷ കമ്മീഷൻ ചെയർപേഴ്സൺമാരുടെയും സമ്മേളനത്തിൽ എല്ലാ സംസ്ഥാനങ്ങളും സ്റ്റാറ്റ്യൂട്ടറി പദവി നൽകിക്കൊണ്ടുള്ള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുകൾ രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അനുകൂല-പ്രതികൂല ഘടകങ്ങളെക്കുറിച്ച് പരിശോധിച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന് നിയമപ്രാബല്യം നൽകുന്നതിനുള്ള ബിൽ പാസ്സാക്കിയെടുക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ 03-03-2011-ലെ മന്ത്രിസഭയിൽ ഇതിലേക്കായി ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഗവർണ്ണറോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചുവെങ്കിലും തെരഞ്ഞെടുപ്പ് ചട്ടം നിലവിൽ വന്നതിനാൽ ഓർഡിനൻസ് പുറപ്പെടുവിച്ചില്ല.

തുടർന്ന് 15-11-2012-ലെ മന്ത്രിസഭാ യോഗം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിക്കുകയും കരട് ബിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. 16 സംസ്ഥാനങ്ങളിൽ ന്യൂനപക്ഷ കമ്മീഷനുകൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങൾക്കായി കേന്ദ്രസർക്കാർ അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധനാ വിധേയമാക്കുന്ന തരത്തിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്നാണ് ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ശുപാർശ. ന്യൂനപക്ഷങ്ങളുടെ ബഹുമുഖ പുരോഗതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനുള്ള പരിശോധനയും അവലോകനവും സാധ്യമാക്കാൻ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നതിലേയ്ക്കായി മന്ത്രിസഭാ തീരുമാനപ്രകാരം ഓർഡിനൻസ് തയ്യാറാക്കി. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം തിരിച്ചുവന്നിരിക്കുകയാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമകാര്യങ്ങളെക്കുറിച്ച് പരിശോധിക്കാൻ കമ്മീഷൻ വേണമെന്നുള്ളത് ന്യായമായ ആവശ്യമാണ്. ഇക്കാര്യം ദേശീയ ന്യൂനപക്ഷ കമ്മീഷൻ തന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളുടെ ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കാൻ എത്രത്തോളം സാധിക്കുമെന്നത് സംബന്ധിച്ച്

ഗൗരവമായി പരിശോധിക്കപ്പെടണം. ഖണ്ഡം 9 പ്രകാരം കമ്മീഷന് നൽകിയിരിക്കുന്ന അധികാരങ്ങളും ചുമതലകളും അനുസരിച്ച്, ന്യൂനപക്ഷക്ഷേമത്തിനും ഉന്നമനത്തിനുമായി ക്രിയാത്മകമായി ഒന്നും ചെയ്യാൻ കമ്മീഷന് അധികാരം നൽകിയിട്ടില്ല. കമ്മീഷനെ ഒരു നിരീക്ഷണ-വിലയിരുത്തൽ-ഉപദേശക സമിതിയായി മാത്രം വിഭാവനം ചെയ്തിരിക്കുകയാണ്. ന്യൂനപക്ഷവിഭാഗങ്ങളുടെ അവസര തുല്യതയെക്കുറിച്ചുള്ള പരാതി പരിഹരിക്കാനുതകുന്ന നടപടി സ്വീകരിക്കാനോ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായ അവസരങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുന്നത് അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനല്ലാതെ നടപടിയെടുക്കാനോ കമ്മീഷന് അധികാരം നൽകിയിട്ടില്ല. സാമൂഹികമായോ സാമ്പത്തികമായോ വിദ്യാഭ്യാസപരമായോ ന്യൂനപക്ഷങ്ങൾ പിന്തള്ളപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാനോ ഏതെങ്കിലും ന്യൂനപക്ഷ വിഭാഗങ്ങൾ മുഖ്യധാരയിൽനിന്ന് പുറന്തള്ളപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനോ തൊഴിൽപരമായ കാരണങ്ങളാൽ സാമൂഹികമായി പിന്നോക്കം പോയവരെ സംരക്ഷിക്കാനോ ആധുനിക തൊഴിൽ മേഖലകളിൽ പ്രാതിനിധ്യം കുറവായിട്ടുള്ള പ്രസ്തുത വിഭാഗത്തിന് അത് പരിഹരിച്ചുനൽകാനോ ആധുനിക വിദ്യാഭ്യാസ രംഗത്ത് ഇവർ പിന്തള്ളപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാനോ കമ്മീഷന് യാതൊരു

അധികാരവും നൽകിയിട്ടില്ല. മതന്യൂനപക്ഷങ്ങൾക്ക് പ്രാതിനിധ്യം കൂടുതലുള്ള ജില്ലകളുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച് പല കമ്മീഷനുകളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരികയെന്നതായിരിക്കണം കമ്മീഷന്റെ ആത്യന്തികമായ ലക്ഷ്യം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയണം. മുന്നോക്ക സമുദായത്തിലെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തണം. എല്ലാ മതവിഭാഗങ്ങളിലേയും പാവപ്പെട്ടവരെ സഹായിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കാനുള്ള അധികാരം കമ്മീഷനിൽ നിക്ഷിപ്തമാക്കിയിട്ടില്ല എന്നതാണ് ഏറ്റവും വലിയ പോരായ്മ. വിദ്യാഭ്യാസ രംഗത്തെ എയ്ഡഡ് മേഖലയിൽ ന്യൂനപക്ഷ /പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തണം. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന വരുടെ ഭാഷാപ്രാവീണ്യവും വ്യക്തിത്വ ഉൽകൃഷ്ടമികവും വർദ്ധിപ്പിക്കുന്നതിനായി കോളേജുകൾ കേന്ദ്രീകരിച്ച് അക്കാദമിക് കോഴ്സുകളുടെ തുടർച്ചയായി ഫിനിഷിംഗ് കോഴ്സുകൾ ആരംഭിക്കണം. ഉറുദു, അറബിക് ഭാഷകൾ മാധ്യമമാക്കിക്കൊണ്ടുള്ള കോഴ്സുകൾ ഐ.ടി.ഐ. കളിൽ നടപ്പിലാക്കി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം. ജുഡീഷ്യൽ നിയമനങ്ങളിൽ

സംവരണതത്വം പാലിക്കുന്നതിനായി നിയമനങ്ങൾ പി.എസ്.സി. യിൽ നിക്ഷിപ്തമാക്കുകയോ കേന്ദ്ര മാതൃകയിൽ പ്രത്യേക കമ്മീഷനെ നിയമിക്കുകയോ ചെയ്യണം. ജുഡീഷ്യൽ നിയമനങ്ങളിൽ മതന്യൂനപക്ഷങ്ങൾക്ക് അർഹമായ പരിഗണന ലഭ്യമാക്കുന്നതിനും പി.എസ്.സി. നിയമനങ്ങളിൽ യോഗ്യതാ മാനദണ്ഡം നിശ്ചയിക്കുമ്പോൾ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക ഇളവ് നൽകാനും സഹായകമായ ഇടപെടൽ നടത്താൻ കമ്മീഷന് അധികാരം നൽകണം. ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ പിന്നോക്ക സമുദായങ്ങൾക്ക് നൽകിയിരുന്ന സംവരണം വെട്ടിച്ചുരുക്കിയത് സംബന്ധിച്ച് പരിശോധിക്കണം. മുസ്ലീം സമുദായത്തിലെ ദഖ്നി-കച്ച്മേമൻ വിഭാഗത്തെ സംവരണപരിധിയിൽ ഉൾപ്പെടുത്തണം. എല്ലാ മതവിഭാഗത്തിൽപ്പെട്ടവർക്കും തുല്യനീതിയും പരിഗണനയും നൽകി മതനിരപേക്ഷത ഉയർത്തിപ്പിടിക്കണം. മത ന്യൂനപക്ഷ ങ്ങൾക്കാവശ്യമായ സംരക്ഷണം നൽകുന്നതിന് ന്യൂനപക്ഷ കമ്മീഷന് അധികാരം നൽകണം. എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.എസ്.സി. നിയമനങ്ങളിലും മത ന്യൂനപക്ഷ വിഭാഗങ്ങളുടെ സംവരണം സംബന്ധിച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭൂരിപക്ഷ മതവിഭാഗങ്ങൾ അനുഭവിക്കുന്ന എല്ലാതരത്തിലുള്ള ആനുകൂല്യങ്ങളും നൽകിക്കൊണ്ട് മതന്യൂനപക്ഷങ്ങളെയും സംരക്ഷിക്കുന്ന ഭരണഘടനയാണ്

നമുക്കുള്ളത്. ലോകത്തിലെ പല രാജ്യങ്ങളും ഭാഷയുടേയും മതത്തിന്റേയും പേരിൽ വിഭജിച്ച അവസരത്തിലും ഇൻഡ്യയിൽ വിവിധ മതങ്ങളും സംസ്കാരവും ഭാഷയും ഒന്നിച്ചുനിൽക്കുകയാണ് ചെയ്തത്. മത ന്യൂനപക്ഷങ്ങൾക്ക് അർഹിക്കുന്ന സംരക്ഷണവും നീതിയും ലഭ്യമാക്കണം. ന്യൂനപക്ഷ ജനവിഭാഗങ്ങളോടും സംഘടനകളോടും അനുഭാവപൂർവ്വമായ സമീപനമാണ് ഇടതുപക്ഷ സംഘടനകൾ സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ മുസ്ലീങ്ങളുടെ മാഗ്നകാർട്ട യായ പാലോളി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാൻ ശക്തിയുള്ള ഒരു കമ്മീഷനാണ് സംസ്ഥാനത്തിന് വേണ്ടത്. ന്യൂനപക്ഷങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ മുമ്പിൽ കൊണ്ടുവരാമെന്നല്ലാതെ മറ്റ് യാതൊരു അധികാരങ്ങളും കമ്മീഷന് വ്യവസ്ഥ ചെയ്യുന്നില്ല എന്നതാണ് ഈ ബില്ലിന്റെ ന്യൂനത.

<u>ശ്രീ. മാത്യു ടി. തോമസ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ചുവടുപിടിച്ചുകൊണ്ടുള്ള ബില്ലാണിത്. ബില്ലിൽ ന്യൂനപക്ഷത്തെ നിർവ്വചിച്ചിരിക്കുന്നത് കേന്ദ്ര നിയമത്തിന് കീഴിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന സമുദായമെന്നാണ്. സംസ്ഥാനത്തെ മതന്യൂനപക്ഷങ്ങളെ നമ്മുടേതായ മാനദണ്ഡങ്ങൾക്കനുസരിച്ച് തീരുമാനിക്കാതിരിക്കുകയും കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷത്തിന്റെ മാനദണ്ഡം മാറ്റുകയും ചെയ്യുകയാണെങ്കിൽ ഈ നിയമം അപ്രസക്തമാകും എന്നതാണ് ഇതിന്റെ പോരായ്മ.

'ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളതും നിയമ പരിജ്ഞാനമുള്ളതുമായ ചെയർപേഴ്സൺ' എന്നു പറയുന്നിടത്ത് നിയമ ബിരുദം എന്നുപോലും പറയുന്നില്ല. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനം എന്നുപറയുന്നതിലൂടെ ആപേക്ഷികമായി സംസ്ഥാന ഗവൺമെന്റിന് ചെയർപേഴ്സണെ നിയമിക്കുന്നതിന് പൂർണ്ണമായ സ്വാതന്ത്ര്യം കൊടുക്കുന്ന ഒരു വ്യവസ്ഥ സംജാതമാകുന്നു . ഗവൺമെന്റ് പരിപൂർണ്ണമായ രാഷ്ട്രീയ പരിഗണന കൊടുത്തുകൊണ്ട് കമ്മീഷനുകളുണ്ടാക്കുന്നു എന്നതിനപ്പുറത്തേയ്ക്ക് കാര്യങ്ങൾ വിശകലനം ചെയ്ത് തീരുമാനമെടുക്കാനുള്ള അധികാരം കമ്മീഷനില്ല എന്നതാണ് നിയമത്തിന്റെ ന്യൂനത. രാഷ്ട്രീയ ലക്ഷ്യത്തേക്കാളും ഭരണഘടന ഉറപ്പുനൽകുന്ന മതേതരത്വം സംരക്ഷിക്കാൻ കഴിയുന്ന സമീപനങ്ങളുണ്ടാകണം. ജനാധിപത്യ ഭരണ സംവിധാനത്തിൽ മതത്തിന്റെ പേരിൽ ആളുകളെ സംഘടിപ്പിക്കുന്ന പാർട്ടി പ്രവർത്തനത്തിന് നിയന്ത്രണം കൊണ്ടുവരണം. നിയമം ക്രോഡീകരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്ന അധികാരം കൂടി ന്യൂനപക്ഷ കമ്മീഷന് നൽകണം. ദേശീയ കമ്മീഷൻ ആക്ട് പ്രകാരം കേന്ദ്രഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്ന സമുദായങ്ങളെ മാത്രം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന വ്യവസ്ഥയിൽ മാറ്റം വരണം.

<u>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന ന്യൂപക്ഷ കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നമ്മുടെ ഭരണഘടന എല്ലാ വിഭാഗം ജനങ്ങളുടെയും വികാരവിചാരങ്ങൾ ഉൾക്കൊള്ളുന്നതും ന്യനപക്ഷങ്ങളുടെ പരിരക്ഷ ഉറപ്പാക്കാൻ കഴിയുന്നവിധം ഭരണസംവിധാനത്തെ ചിട്ടപ്പെടുത്തിയതുമാണ്. ഒരു രാജ്യത്തെ ജനസംഖ്യയിൽ മേധാവിത്വം ഇല്ലാത്തതും ഇതര ജനവിഭാഗങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായി ഭാഷാ, മതം, സംസ്കാരം എന്നിവയുടെ തനിമ നിലനിർത്താൻ ആഗ്രഹിക്കുന്നതുമായ വിഭാഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ന്യൂനപക്ഷ പട്ടിക. നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനും ഭാഷാ, ലിപി, സംസ്കാരം, പഠന സൗകര്യം എന്നിവ ഉറപ്പാക്കാനും നിയമം വഴി കഴിയുന്നുണ്ടെങ്കിലും ഇവ നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ ന്യനപക്ഷ വിദ്യാഭ്യാസ പുരോഗതിക്ക് കരുത്തുപകരുന്ന സമീപനങ്ങൾ ഉണ്ടായിട്ടുണ്ട്. രജീന്ദർ സച്ചാർ കമ്മീഷൻ പഠന റിപ്പോർട്ടില്, ദേശീയ ശരാശരിവച്ച് നോക്കിയാൽ ന്യൂനപക്ഷങ്ങൾക്ക് സാക്ഷരത കുറവാണെന്നും ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള കുട്ടികളിൽ

ഇരുപത്തിയഞ്ച് ശതമാനത്തോളം സ്കൂളിൽ എത്തുന്നില്ലെന്നും ബാങ്ക് ഉദ്യോഗങ്ങളിൽ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്നും അതിനാൽ ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള സംവരണക്കുറവ് പരിഹരിക്കണമെന്നും അവർക്കവകാശപ്പെട്ട സ്വത്തുക്കൾ സംരക്ഷിക്കപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. താഴെ തലങ്ങളിലേക്ക് ആനുകൂല്യങ്ങൾ എത്തിക്കുന്നതിനുള്ള മൾട്ടി സെക്ടർ ഡെവലപ്മെന്റ് സ്കീം ബ്ലോക്കടിസ്ഥാനത്തിൽ നടത്താൻ തയ്യാറായത് യു.ഡി.എഫ്. സർക്കാരാണ്. സംസ്ഥാനത്തെ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക അവകാശങ്ങൾക്ക് അർഹതയില്ലെന്ന അഫിഡവിറ്റ് കോടതിയിൽ കൊടുത്തതും വിദ്യാഭ്യാസ രംഗത്ത് ഭരണഘടനാപരമായി ലഭിച്ച ആനുകൂല്യങ്ങൾ ഇല്ലാതാക്കിയതും മുസ്ലീംങ്ങൾക്ക് ലഭിക്കേണ്ട 7383 തസ്തികകൾ ഇല്ലാതാക്കിയതും ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസപരമായ മുന്നോക്കാവസ്ഥയ്ക്കായി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഏരിയ ഇന്റൻസീവ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും മൈനോറിറ്റി കോ-ഓർഡിനേറ്റർമാരുടെയും നിയമനവു മായി ബന്ധപ്പെട്ട് വിവാദങ്ങൾ സൃഷ്ടിച്ചതും കഴിഞ്ഞ എല്.ഡി.എഫ്. സർക്കാരാണ്. വർഗ്ഗീയ കലാപങ്ങൾക്കെതിരെയും നിയമലംഘനങ്ങൾക്കെ തിരെയും നടപടിയെടുക്കാൻ അധികാരമുള്ള ഒരു കമ്മീഷനായി ഇത് മാറണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ചെയ്തപ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനും അവരുടെ ഉന്നമനത്തിനും ക്രിയാത്മകമായി ഒന്നും ചെയ്യാൻ അധികാരമില്ലാത്ത കമ്മീഷനാണിത്. അവസരതുല്യതയെ ക്കുറിച്ചുള്ള പരാതി പരിഹാര നടപടികൾ സ്വീകരിക്കാൻ ഈ കമ്മീഷന് അധികാരം നൽകിയിട്ടില്ല. പോരായ്മകളു ണ്ടെങ്കിൽ അതിന്മേൽ നിയമ നടപടികൾ സ്വീകരിക്കാനുള്ള ജുഡീഷ്യൽ അധികാരം കമ്മീഷന് നൽകണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് പഠിക്കാനായി നിയോഗിച്ച പാലോളി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ആദ്യമായി ന്യൂനപക്ഷ സെൽ ആരംഭിച്ചതും ബിരുദാനന്തര പ്രൊഫഷണൽ കോഴ്സുകൾക്ക് സ്കോളർഷിപ്പുകൾ അനുവദിച്ചതും സിവിൽ സർവ്വീസസ്, യു.പി.എസ്.സി., പി. എസ്.സി., ബാങ്കിംഗ് സർവ്വീസ്, തുടങ്ങിയവയുടെ എൻട്രൻസ് പരീക്ഷകൾക്ക് പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചതും എല്.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. കൂടാതെ ന്യൂനപക്ഷക്ഷേമ നടപടികൾ നടപ്പിലാക്കാനായി പണം അനുവദിക്കുകയും മലബാറിൽ പിന്നോക്കം നിൽക്കുന്ന മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുകയുമുണ്ടായി. വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റും സോഷ്യൽ വെൽഫയർ ഗ്രാന്റും ഒരു കോടി രൂപയായി കഴിഞ്ഞ എല്. ഡി.

എഫ്. സർക്കാർ വർദ്ധിപ്പിച്ചതിനെ അറുപത്തിയൊമ്പത് ലക്ഷം രൂപയായി വെട്ടിക്കുറച്ച ഈ സർക്കാരിന്റെ നടപടി പ്രതിഷേധാർഹമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് : ഭേദഗതിയെ പിന്താങ്ങുന്നു. 1978- ൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിൽവന്നിട്ടും പല കാര്യങ്ങൾക്കും മാതൃകയായ ഈ സംസ്ഥാനത്തിന് ഒരു ന്യൂനപക്ഷകമ്മീഷന് രൂപം കൊടുക്കാൻ ഇത്രയും കാലതാമസ്സമുണ്ടായെങ്കിലും അത് യാഥാർത്ഥ്യമാക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. ബില്ലിന്റെ ഒമ്പതാം വകുപ്പ് കമ്മീഷന് സിവിൽ കോടതിക്കുള്ള എല്ലാ അധികാരവും നൽകുന്നതാണ്. ഉദ്യോഗ രംഗങ്ങളിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവസരം നിഷേധിക്കപ്പെടാവുന്ന അവസരങ്ങളിൽ കമ്മീഷന് ഇടപെടാൻ കഴിയുന്നതാണ്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും വിദ്യാർത്ഥികളെയും മത്സരപ്പരീക്ഷകൾക്ക് സജ്ജമാക്കുന്നതിന് എല്ലാ ജില്ലയിലും കോച്ചിംഗ് സെന്റർ ആരംഭിക്കാനും മദ്രസ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി പലിശ രഹിതമാക്കി പുനരാവിഷ്കരിക്കാനും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ യാഥാർത്ഥ്യമാക്കാനും വനിതകളുടെ സ്വയം സഹായ സംഘങ്ങൾക്ക് രണ്ടരലക്ഷം രൂപവരെ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കാനും വിധവകൾക്ക് പാർപ്പിടസൗകര്യം ലഭ്യമാക്കാനും സർക്കാരിന് സാധിച്ചുവെന്നത് എടുത്തുപറയേണ്ടതാണ്. അലിഗഡ് മുസ്ലീം സർവ്വകലാശാല

യുടെ സെന്റർ മലപ്പുറത്തുകൊണ്ടുവരാൻ സർക്കാരിന് സാധിച്ചു.

<u>ശ്രീ. പി. തിലോത്തമൻ:</u> ഭേദഗതിയെ പിന്താങ്ങുന്നു. കമ്മീഷന് കൂടുതൽ അധികാരങ്ങൾ നൽകിയാൽ മാത്രമേ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുവെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ന്യൂനപക്ഷക്ഷേമത്തിനും ഉന്നമനത്തിനുമായി ക്രിയാത്മകമായി ഒന്നും ചെയ്യാൻ കമ്മീഷന് അധികാരം നൽകിയിട്ടില്ല. കമ്മീഷനെ ഒരു നിരീക്ഷണ-വിലയിരുത്തൽ-ഉപദേശക സമിതിയായി മാത്രം വിഭാവനം ചെയ്തിരിക്കുകയാണ്. ന്യൂനപക്ഷ വിഭാഗങ്ങളിൽ മഹാഭൂരിപക്ഷവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് അവരുടെ ഉന്നമനത്തിനുവേണ്ടി ഫലപ്രദമായി ഇടപെടാൻ കമ്മീഷന് കഴിയേണ്ടതുണ്ട്. കമ്മീഷനുകളുടെ അതിപ്രസരമാണ് സംസ്ഥാനത്തുള്ളതെങ്കിലും അവയുടെ പ്രവർത്തനഫലമായി മതന്യൂനപക്ഷ-പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക-സാമൂഹ്യ മേഖലകളിൽ എത്രത്തോളം പുരോഗതി കൈവരിക്കാൻ കഴിഞ്ഞുവെന്നത് സംബന്ധിച്ച് ആത്മപരിശോധന നടത്തണം. തൊഴിൽ രംഗത്ത് സംവരണം ഏറ്റവും ഫലപ്രദമായി നടപ്പിലാക്കുന്ന കേരളത്തിൽ അധികാരത്തിന്റെ മർമ്മപ്രധാനമായ സ്ഥാനങ്ങളിൽ ന്യൂനപക്ഷ-പിന്നോക്ക-പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാതിനിധ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നുള്ളത് പരിശോധിക്കപ്പെടേണ്ട കാര്യമാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. ജനായത്ത റിപ്പബ്ലിക്കിന് കീഴിലെ സമസ്ത ജനവിഭാഗത്തിനും ഭരണഘടന വിഭാവന ചെയ്യുന്ന പരിരക്ഷ സമ്പൂർണ്ണ അർത്ഥത്തിൽ ഉറപ്പാക്കാൻ സർക്കാർ കൂടുതൽ പ്രതിജ്ഞാബദ്ധമായിരിക്കണമെന്നതിന്റെ പ്രതിധ്വനികളായിരുന്നു ചർച്ചയിൽ ഉണ്ടായത്. വിവിധ മേഖലകളിൽ വമ്പിച്ച മുന്നേറ്റം കൈവരിച്ചപ്പോഴും ന്യൂനപക്ഷ വിഷയങ്ങളിൽ കാര്യമായി ഒന്നും ചെയ്യാൻ കഴിയാതെ പോയതിന്റെ പശ്ചാത്തലത്തിലാണ് സർക്കാർ ഈ രംഗത്ത് ചില ചുവടുവയ്പുകൾ നടത്തുന്നത്. ഇന്ത്യയിലെ മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങളുടെ ഇല്ലായ്മയെക്കുറിച്ച് പഠനം നടത്തിയ സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ മറ്റ് വിഭാഗങ്ങൾക്കുകൂടി ബാധകമാക്കി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് പാലൊളി കമ്മിറ്റി പഠനം നടത്തിയിരുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ടും അവർക്കിടയിലെ നിർദ്ധനരുടെ വിദ്യാഭ്യാസ ധനസഹായം, സാമ്പത്തികാനുകൂല്യങ്ങൾ, പാർപ്പിടം തുടങ്ങിയ പദ്ധതികളും ന്യൂനപക്ഷ വകുപ്പിന് കീഴിൽ നൽകിവരുന്നുണ്ട്. ന്യൂനപക്ഷ ഡയറക്ടറേറ്റിന്റെ കീഴിൽ എല്ലാ ജില്ലകളിലും കോച്ചിംഗ് സെന്റർ ആരംഭിച്ചതുവഴി വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകളിൽ

അഭിനന്ദനാർഹമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭരണഘടനാനു സൃതമായ പരിരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുകയെന്നതാണ് കമ്മീഷന്റെ പ്രവർത്തന ലക്ഷ്യം. ന്യൂനപക്ഷങ്ങൾക്ക് അനർഹമായത് നൽകുന്നുവെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. പല കാരണങ്ങളാൽ പതിറ്റാണ്ടുകളായി സാമൂഹിക സാംസ്കാരിക, വിദ്യഭ്യാസ, സാമ്പത്തിക രംഗത്ത് പിന്തള്ളപ്പെട്ട ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരേണ്ട ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനം രൂപപ്പെടുത്തുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

133, 135, 138, 139, 141, 142, 143, 144, 147,148 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>മൂന്നാം വകുപ്പ്</u>

150, 151, 153, 154, 155, 158, 159, 160, 161, 163,164, 165, 166, 167, 168, 169,

170, 171, 172, 173, 174 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു

174. ഖണ്ഡം 3(2) (ഡി) യില്, "കമ്മീഷന്" എന്ന വാക്കിനുശേഷം "അതിന്റെ ഉത്തരവുമുഖേന" എന്നും, "അങ്ങനെയുള്ള" എന്ന വാക്കിനുപകരം "വിധത്തിലുള്ള" എന്നും ചേർക്കുക.

മന്ത്രി താഴെപ്പറുയന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

3 (2) (ഡി) റീ-നമ്പർ ചെയ്ത് 3(3) എന്നാക്കണം.

മന്ത്രി സ്വീകരിച്ച ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

176, 177, 178, 179, 180, 183, 184, 185, 186, 187, 190, 191, 192, 196, 197, 198, 199, 201, 202, 203, 204, 205, 206, 207, 209, 210, 211, 212, 213, 214, 215, 218, 219, 221, 222, 223, 224 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

220. ഖണ്ഡം 4(4)-ല്, "നികത്തേണ്ടതാണ്" എന്ന വാക്കിന് പകരം "നികത്തേണ്ടതും ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത് അയാളുടെ കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേക്ക് ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

176 - ആം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സ്വീകരിച്ചു.

ഖണ്ഡം 4(1)-ല്, "അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി" എന്നീ വാക്കുകൾക്കു പകരം "അദ്ദേഹം ഔദ്യോഗിക ചുമതല ഏൽക്കുന്ന തീയതി " എന്നീ വാക്കുകൾ ചേർക്കുക.

179. ഖണ്ഡം 4(1)-ല്, "മൂന്ന് വർഷക്കാലം" എന്നതിനുപകരം " മൂന്ന് വർഷം പൂർത്തിയാകുന്നതുവരെ" എന്ന് ചേർക്കുക.

206. ഖണ്ഡം 4(3)(ഇ)-യില്, "കമ്മീഷനിൽ നിന്നും" എന്ന വാക്കിന് ശേഷം " മുൻകൂര്" എന്ന വാക്ക് ചേർക്കുക.

218. ഖണ്ഡം 4(4)-ല്, "ഒരു ഒഴിവ് " എന്നതിനുപകരം "ഒഴിവുകള്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

225, 226, 227, 228 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

225. ഖണ്ഡം 5(1)-ല്, "ഉദ്യോഗസ്ഥരെയും " എന്ന വാക്കിനുശേഷം "മറ്റു" എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

229, 230 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

230. ഖണ്ഡം 6-ല്, "5-ആം വകുപ്പിൽ പരാമർശിച്ച " എന്നതിനുപകരം "5-ആം വകുപ്പ് (1)-ആം ഉപവകുപ്പിൽ പരാമർശിച്ച" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

231-ആം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

231. ഖണ്ഡം 7-ല്, "ന്യൂനതയാലോ " എന്ന വാക്കിനുശേഷം "ഏതെങ്കിലും തരത്തില്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

232, 235, 237, 240, 241, 242, 243 എന്നീ നമ്പർ ഭേദഗതികൾ

അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

241. ഖണ്ഡം 8(3)-ല്, "മെമ്പർ സെക്രട്ടറിയോ" എന്നത് "മെമ്പർ സെക്രട്ടറി" എന്നും "അല്ലെങ്കിൽ മെമ്പർ സെക്രട്ടറി ഇതിലേക്കായി യഥാവിധി രേഖാമൂലം അധികാരപ്പെടുത്തിയ കമ്മീഷന്റെ മറ്റേതെങ്കിലും ആഫീസറോ" എന്നത് ഒഴിവാക്കുകയും ചെയ്യുക.

243-ആം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി സ്വീകരിച്ചു.

243. ഖണ്ഡം 8(3)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(4) കമ്മീഷന്റെ യോഗത്തിനുള്ള ക്വാറം രണ്ടായിരിക്കുന്നതാണ് "

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

244, 245, 246, 249, 250, 252, 254, 255, 256, 257, 258, 260, 261, 262, 263, 265, 266, 267, 268, 269, 271, 272, 273, 275, 276, 278, 279, 280, 281, 282, 284, 285, 287, 288, 289, 290, 291, 293, 294 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

270. ഖണ്ഡം 9(ഇ)-യിൽ "ന്യൂനപക്ഷങ്ങളുടെ " എന്ന വാക്കിനുശേഷം

"വിദ്യാഭ്യാസ " എന്ന വാക്ക് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതികളോടെ മന്ത്രി സ്വീകരിച്ചു.

244. ഖണ്ഡം 9(എ)-യ്ക്കുമുമ്പായി ഉപഖണ്ഡം (ഡി), (ജി) ഇനങ്ങൾ (കെ), (എല്) എന്നീ ഉപഖണ്ഡങ്ങളായി ചേർക്കുകയും ബില്ലിന്റെ (കെ) ഉപഖണ്ഡം (എം) ഉപഖണ്ഡമായി പുനരക്ഷരം ചെയ്യുകയും ചെയ്യുക.

(ഡി) വിവിധ തൊഴിൽദാന പദ്ധതികളിലും സാമൂഹ്യവികസന പദ്ധതികളിലും ജനസംഖ്യാനുപാതികമായ പങ്ക് ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുക;

(ജി) സാമുദായിക സംഘർഷസാദ്ധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ ക്രമസമാധാനപാലന സംവിധാനം ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, വീഴ്ചകൾ ജില്ലാ ഭരണകൂടത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക;

258 ഖണ്ഡം 9(സി)-യില്, "സംരക്ഷണവ്യവസ്ഥകളും " എന്ന വാക്കിന് ശേഷം"ആനുകൂല്യങ്ങളും " എന്ന വാക്ക് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

260 ഖണ്ഡം 9(സി)-യില്, "അനുയോജ്യമായ " എന്ന വാക്കിനുപകരം "ബന്ധപ്പെട്ട " എന്ന വാക്ക് ചേർക്കുക.

262 ഖണ്ഡം 9(സി)-യില്, "നിർദ്ദേശിക്കുകയും " എന്ന വാക്കിനുശേഷം"അതു

സംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും " എന്നീ വാക്കുകൾ ചേർക്കുക.

263 ഖണ്ഡം 9(ഡി)-യില്, "ന്യൂനപക്ഷങ്ങളുടെ " എന്ന വാക്കിനുശേഷം "വിദ്യാഭ്യാസ " എന്ന വാക്ക് ചേർക്കുക.

265 ഖണ്ഡം 9(ഡി)-യില്, "നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക " എന്നീ വാക്കുകൾക്കു പകരം "പരിപാടികളിൽ പങ്കെടുക്കുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക " എന്നീ വാക്കുകൾ ചേർക്കുക..

271. ഖണ്ഡം 9(ഇ)-യില്, "റിപ്പോർട്ട് നൽകുകയും " എന്നീ വാക്കുകൾക്കുശേഷം "അവ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുക"യും എന്നീ വാക്കുകൾ ചേർക്കുക.

272.. ഖണ്ഡം 9(എഫ്)-ല്, "ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള " എന്ന വാക്കിനു പകരം "ന്യൂനപക്ഷങ്ങളോടുള്ള " എന്ന വാക്ക് ചേർക്കുക.

273. ഖണ്ഡം 9(എഫ്)-ല്, "ഉണ്ടാകുന്ന " എന്ന വാക്കിനുശേഷം "വിവിധ" എന്ന വാക്ക് ചേർക്കുക.

285 ഖണ്ഡം 9(ഐ)-ല്, "വൈഷമ്യങ്ങളെ സംബന്ധിച്ച് " എന്നതിനുപകരം "വൈഷമ്യങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സംഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി

പത്താം വകുപ്പ്

295, 296, 299 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഭേദഗതികളോടെ മന്ത്രി സ്വീകരിച്ചു.

299. ഖണ്ഡം 10 താഴെപ്പറയും പ്രകാരം മാറ്റുക:

"10. ന്യൂനപക്ഷ സർട്ടിഫിക്കറ്റ് നൽകുന്നതിന് മേൽനോട്ടം

സംസ്ഥാനത്ത് താമസിക്കുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന രീതിയിലും മാതൃകയിലും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ വൈഷമ്യം നേരിടുന്നതായുള്ള ഏതെങ്കിലും സംഗതി കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് ചെയ്യാവുന്നതും പരിഹാരം നിർദ്ദേശിക്കാവുന്നതുമാണ്."

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി

**പതിനൊന്നാം വകുപ്പ്**

302, 303, 304, 305 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**പന്ത്രണ്ടാം വകുപ്പ്**

307, 308, 309, 310, 312, 313, 314, 315 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി ഭേദഗതികളോടെ മന്ത്രി സ്വീകരിച്ചു.

309. ഖണ്ഡം 12(1)(ഡി)-യില്, "ആഫീസിൽ നിന്നോ " എന്നതിനുശേഷം "മറ്റു സ്ഥാപനത്തിൽ നിന്നോ " എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി

**പതിമൂന്നാം വകുപ്പ്**

316 -ആം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

**പതിനാലാം വകുപ്പ്**

317 -ആം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

**പതിനാറാം വകുപ്പ്**

319, 320 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**പതിനേഴാം വകുപ്പ്**

321, 322 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

പതിനെട്ടാം വകുപ്പ്

325-ആം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഇരുപതാം വകുപ്പ്

328, 330, 331, 332, 333, 334 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

335-ആം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

110, 112, 114, 115, 116, 117, 118, 119, 120, 121, 122, 123,124, 125, 127, 129, 130, 131, 132 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി ഭേദഗതികളോടുകൂടി സ്വീകരിച്ചു.

(110) ദീർഘശീർഷകത്തിൽ " ന്യൂനപക്ഷങ്ങൾക്കുവേണ്ടി" എന്നതിനുപകരം "ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനുംവേണ്ടി" എന്ന് ചേർക്കുക.

(120) പീഠികയിൽ"ന്യൂനപക്ഷങ്ങൾക്കുവേണ്ടി" എന്നതിനുപകരം "ന്യൂനപക്ഷങ്ങളുടെ വിദ്യഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനുംവേണ്ടി" എന്ന് ചേർക്കുക

ഭേദഗതികളോടെ മന്ത്രി സ്വീകരിച്ച ഭേദഗഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): 2013-ലെ കേരള ന്യൂനപക്ഷ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം

അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) പ്രമേയത്തെ പിന്താങ്ങുന്നു.

2013- ലെ കേരള ന്യൂനപക്ഷ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

**ഡോ. തോമസ് ഐസക് ഉന്നയിച്ച ക്രമപ്രശ്നത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ വിശദീകരണം**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പാലാരിവട്ടത്ത് മാധ്യമപ്രവർത്തകരെ പോലീസ് മർദ്ദിച്ചുവെന്ന് ഡോ. ടി. എം. തോമസ് ഐസക് ചൂണ്ടിക്കാട്ടിയത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ പാലാരിവട്ടത്ത് ഓട്ടോറിക്ഷ ഡ്രൈവർമാരും മാധ്യമപ്രവർത്തകരും തമ്മിൽ വാക്കുതർക്കമുണ്ടായതിനെത്തുടർന്ന് മാധ്യമപ്രവർത്തകർക്ക് മർദ്ദനമേറ്റുവെന്ന് പരാതിയുണ്ടായെന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിനെത്തുടർന്ന് പാലാരിവട്ടം അഡീഷണൽ എസ്.ഐ. ശ്രീ. ഷംസുദ്ദീൻ, സീനിയർ സിവിൽ പോലീസ് ഓഫീസർ ശ്രീ. നിയാസ് എന്നിവരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തവിവരം സഭയെ അറിയിക്കുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

## 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി ) ബിൽ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സംസാരിച്ചില്ല.)

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ശ്രീ. പി. സി. ജോർജ്: സഭയിൽ ഈ ബില്ലിനെ സംബന്ധിച്ച് വിശദമായ

ചർച്ച നടന്നതിനാൽ ചർച്ച കൂടാതെ പാസ്സാക്കാം.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

113, 114, 115, 116 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

<u>മൂന്നാം വകുപ്പ്</u>

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

108, 109, 110, 111, 112 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

109-ആം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു.

(109) ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക" ഈ ആക്റ്റിന് 2014-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്"

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>):

2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

**അവകാശ ലംഘന പ്രശ്നങ്ങൾ**

**അനുമതി നിഷേധിച്ചവ**

ശ്രീ. വി. ശിവൻകുട്ടി മുൻ വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാറിനെതിരെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെയും ശ്രീ. എ. പ്രദീപ് കുമാർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നിവർ ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെയും ശ്രീ. വി. എസ്. സുനിൽകുമാർ ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്കും വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർക്കുമെതിരെയും ശ്രീ. വി. ശിവൻകുട്ടി കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്കെതിരെയും ശ്രീ. വി. ശിവൻകുട്ടി, ശ്രീ. കെ.വി. അബ്ദുൾഖാദർ, ശ്രീ. വി. എസ്. സുനിൽകുമാർ എന്നിവർ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിക്കെതിരെയും ശ്രീ. ബെന്നി ബെഹനാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെയും ശ്രീ. വി. ശിവൻകുട്ടി തിരുവനന്തപുരം ഡെപ്യൂട്ടി കമ്മീഷണർ ഡോ. പി. ശ്രീനിവാസനെതിരെയും ശ്രീ. കെ. വി. അബ്ദുൾ ഖാദർ ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറിനെതിരെയും നൽകിയ അവകാശലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിക്കുന്നു.

__പരിഗണനയിലിരിക്കുന്നവ__

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകളും ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. റ്റി. എൻ. പ്രതാപൻ എന്നിവർ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ നൽകിയ നോട്ടീസുകളും ശ്രീ. വി. എസ്. സുനിൽകുമാർ, ശ്രീ. എ. കെ. ശശീന്ദ്രൻ, പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്നിവർ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസുകളും ചെയറിന്റെ പരിഗണനയിലാണ്.

__പ്രമേയം__

__സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്__

മുഖ്യമന്ത്രി (__ശ്രീ. ഉമ്മൻ ചാണ്ടി__): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക്

പിരിയാവുന്നതാണ്.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

സഭ രാത്രി **7.34 ന്** അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

***********************************